# NERVEEDHI

Volume - 15, Issue - 10, 10th October 2026, Monthly, Published at Kottayam
വാല്യം - 15, ലക്കം - 10, 10 ഒക്ടോബർ 2026 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

## അത്യല്പത്തിൽപ്പോലും വിശ്വസ്തർ...

പേജ് 15



Editorial

# ഉപാധികൾ ദൈവികമാണോ?

മനുഷ്യജീവിതത്തിൽ വിവിധ തരത്തിലുള്ള ആവശ്യങ്ങളും അത്യാവശ്യങ്ങളും ഓരോരുത്തരും അഭിമുഖീകരിക്കുന്നുണ്ട്. ഒരു ദൈവപൈതൽ ഇവ നേടുന്നതുനുപയോഗിക്കുന്ന ഉപാധികൾ ദൈവികമാണോ അതോ മാനുഷികമാണോ? വചനമെന്ന ഉരകല്ലിൽ മാറ്റുരച്ചു നോക്കി ദൈവഹിതാനുസരണമുള്ള മാർഗ്ഗങ്ങൾ മാത്രമാണ് അവലംബിക്കേണ്ടത്. സാഹചര്യങ്ങളുടെ സമ്മർദ്ദത്തിന് വിധേയപ്പെട്ട് സ്വന്തവിവേകത്തിൽ നിർദ്ദോഷം എന്ന് തോന്നുന്ന കാര്യങ്ങളും വചനാനുസരണം ആയിരിക്കണം എന്നില്ല. 'ഒരു വഴി മനുഷ്യന് ചൊവ്വായി തോന്നുന്നു എങ്കിലും അതിന്റെ അവസാനമോ മരണവഴികളത്രെ' എന്ന് സദൃശം 16:25 ൽ വായിക്കുന്നു. ഒരുവൻ സ്വീകരിച്ച മാർഗ്ഗം അവന്റെ ചിന്തയിൽ സുഗമമെന്നു തോന്നിയെങ്കിലും കാലങ്ങൾ കഴിഞ്ഞപ്പോൾ പ്രതീക്ഷിക്കാത്ത പ്രതിസന്ധികൾ ഉടലെടുത്തു. എത്ര ആലോചിച്ചിട്ടും ഒരു പരിഹാരവും കാണാനാവാതെ വല്ലാതെയുഴലുന്ന അവസ്ഥയിൽ എത്തിച്ചേർന്നു. നേരെമറിച്ച് വചനാനുസരണം തീരുമാനമെടുത്തിരുന്നു എങ്കിൽ ആദിയിങ്കൽ കൈപ്പായി തോന്നിയാൽപ്പോലും ശുഭപര്യവസാനമാകുമായിരുന്നേനെ.

ആവശ്യങ്ങളും അത്യാവശ്യങ്ങളും ഒപ്പം അനാവശ്യങ്ങളും നമ്മുടെ മുമ്പിലുണ്ട്. **അനാവശ്യങ്ങൾ** പലപ്പോഴും പരീക്ഷയിലകപ്പെടുത്തും എന്നുള്ളതിനാൽ അതു പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ലോൺ എടുത്തു തിരിച്ചടയ്ക്കുവാൻ മാർഗ്ഗമില്ലാതെ ജപ്തിനടപടികളെ നേരിടുന്നവരുടെ മുറവിളി മാധ്യമങ്ങളിലൂടെ നാം കാണുന്നില്ലേ? **ആവശ്യങ്ങൾ** സാധിക്കുന്നതിനുള്ള സാമ്പത്തിക ഉറവിടങ്ങൾ ശുഷ്ക്കമെങ്കിൽ അതുമാറ്റിവച്ചുകൊണ്ടു ദൈവഹിതമെങ്കിൽ ലഭ്യമാകും എന്ന ആശയോടെ കാത്തിരിക്കുക. ദൈവത്തിൽ നിന്ന് ആലോചന പ്രാപിച്ചു മാത്രം കരുതലോടെ മുന്നേറുക. **അത്യാവശ്യങ്ങളെന്നത്** ഒഴിവാക്കാനാവില്ലല്ലോ? ആഡംബരങ്ങളൊഴിവാക്കി ലളിതജീവിതം നയിക്കുന്നവർ ഉള്ളതിൽ സംതൃപ്തരായിരിക്കും. 'ദുർഭിക്ഷതയിൽ ആയിരിക്കാനും സുഭിക്ഷതയിൽ ആയിരിക്കാനും എനിക്കറിയാം. ഏതു സാഹചര്യത്തിൽ ജീവിക്കാനും തൃപ്തനായിരിക്കാനും വിശന്നിരിക്കാനും സമൃദ്ധിയിലായിരിക്കാനും ദാരിദ്ര്യത്തിലായിരിക്കാനും എല്ലാ അവസ്ഥയിലും ജീവിക്കുന്നതിന്റെ രഹസ്യം ഞാൻ പരിശീലിച്ചിരിക്കുന്നു. എന്നെ ശക്തീകരിക്കുന്ന ക്രിസ്തുവിന്റെ സഹായത്താൽ സർവ്വവും ചെയ്യാൻ ഞാൻ പ്രാപ്തനായിരിക്കുന്നു എന്ന തിരുവെഴുത്തു ശ്രദ്ധിക്കുക ( ഫിലിപ്യർ 4:12).

സമസ്ത തലങ്ങളിലും അത്യാവശ്യങ്ങൾ ലളിതമായ നിലവാരത്തിൽ മാത്രം നിറവേറ്റി നമ്മുടെ മുമ്പിൽ ജീവിച്ച യേശുവിന്റെ ഉത്തമമാതൃക അനുകരണീയം തന്നെ. ആഹാരവിഷയത്തിൽ യേശുവിനു പരീക്ഷ നേരിട്ടപ്പോൾ, എഴുതപ്പെട്ട തിരുവചനം ഉദ്ധരിച്ചു കൊണ്ട് യേശു സാത്താനെ പരാജയപ്പെടുത്തി. പരീക്ഷാവേളയിൽ വചനം ഉദ്ധരിക്കണമെങ്കിൽ അത് ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിക്കുന്ന അനുഭവം ഉണ്ടായിരിക്കണം. ഈ വിഷയത്തെ അടിസ്ഥാനമാക്കിക്കൊണ്ട്, ഈ ലക്കത്തിലെ സന്ദേശം നമ്മെ ജയജീവിതം നയിക്കുന്നതിന് പ്രേരിപ്പിക്കുന്നു. എല്ലാ ലേഖനങ്ങളും ആത്മപ്രേരിതമായി എഴുതപ്പെട്ടതും നമ്മുടെ അകത്തെ മനുഷ്യനെ പോഷിപ്പിച്ച് ക്രിസ്തുവിന്റെ എല്ലാ നിറവിനോളം നിറയ്ക്കുവാൻ സഹായകവുമാണ്. പ്രാർത്ഥനാപൂർവ്വമായ വായനയ്ക്കായി ഈ ലക്കം മാസിക, മാന്യ വായനക്കാർ സമക്ഷം സമർപ്പിക്കുന്നു.

പുസ്തകം 15 ലക്കം 10
ഒക്ടോബർ 2026

# ഈ ലക്കത്തിൽ

**വിശപ്പും പരീക്ഷയും** 4
ജോയ് എം. തോമസ്

**മരണം കൊണ്ട് വെളിപ്പെടുത്തിയ സ്നേഹം** 7
സാജു മാത്യു

**അവിശ്വസനീയമായ മൂന്നു പ്രവൃത്തികൾ...** 9
ചെയ്സ് ജോസഫ്

**വിലമതിക്കാനാവാത്ത ദാനം** 11
ചാൾസ് സ്പർജൻ

**ക്ഷമ പ്രോത്സാഹനത്തിന്റെ ജീവരേഖ** 13
ജോൺ പോൾ, പാലത്തിങ്കൽ

**അത്യല്പത്തിൽപ്പോലും വിശ്വസ്തർ...** 15

**കൗൺസലിംഗ് വീഥി** 16
അനു ഗ്രേസ് ചാക്കോ

**ദുരിതത്തിന്റെ നടുവിൽ ക്രിസ്തുവിന്റെ മുഖം** 18
അജി മാത്യു, ഉഗാണ്ട

**തലമുറകളെ ഓർത്ത്** 20
ബെഞ്ചമിൻ വർഗീസ്

**വനിതാവീഥി** 22
ഷീല ദാസ്

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താവീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബൂ ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.
**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription Rs. 350.00
Cover : Google Photos



ജോയ് എം തോമസ്

# വിശപ്പും പരീക്ഷയും

ആഹാരം മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട താണ്. ഏറെ സമയം വിശന്നിരുന്നാൽ ശരീരത്തിന്റെ ബ്ലഡ്ഷുഗർ താണുപോകാനും ക്രമേണ ഒരു വ്യക്തിയുടെ ഇച്ഛാശക്തിയുടെ മേൽ ആഘാതം ഏൽപ്പിക്കാനും സമ നിലയും സംയമനവും നഷ്ടപ്പെടുന്നതു പോലുള്ള പ്രത്യാഘാതങ്ങൾക്കും സാധ്യത യുണ്ട്. എന്നാൽ പരിശുദ്ധത്മാവിനു വിധേയപ്പെട്ട് ആത്മികജീവിതം നയിക്കുന്നവർ ക്ക് ഏതവസ്ഥയിലും ആത്മാവിൽ സമാധാനവും സന്തുലിതാവസ്ഥയും നിലനിർ ത്തുവാൻ കഴിയും.

ആഹാരത്തോടൊപ്പം തന്നെയാണ് ഒരു വ്യക്തിയുടെ അത്യാവശ്യങ്ങളും. വാടക കൃത്യസമയത്തു നൽകുക, കുഞ്ഞുങ്ങളുടെ ഫീസ് സമയത്ത് അടയ്ക്കുക, ചികിത്സ നേടുന്നവർക്ക് അതിനുള്ള പണം തുടങ്ങിയവയെല്ലാം ഏറ്റവും അത്യാവ ശ്യങ്ങൾ അല്ലേ? ഇവയ്ക്ക് പണം ഇല്ലാതെ വരുമ്പോൾ ഉണ്ടാകുന്ന മനസ്സിന്റെ വേദന ഏറ്റവും കഠിനമാണ്. പരീക്ഷ നേരിടുന്ന സമയം.

വൈകാരിക ആവശ്യങ്ങളും അത്യാവശ്യങ്ങൾ തന്നെയാണ്. നല്ല കുടുംബ ബന്ധവും, സമൂഹത്തിലുള്ള അംഗീകാരവും സ്നേഹിക്കുവാനും സ്നേഹിക്കപ്പെടു വാനുമുള്ള നല്ല ബന്ധങ്ങളും, സ്വന്തമെന്ന് കരുതുന്ന പ്രിയപ്പെട്ടവരുടെ സാന്നിധ്യ വും സഹകരണവും ഒക്കെ അത്യാവശ്യങ്ങൾ തന്നെ. അത്യാവശ്യങ്ങളെ മുതലെടു ത്ത് നമ്മെ പരീക്ഷയിൽ അകപ്പെടുത്തുവാൻ പിശാച് തന്ത്രങ്ങൾ മെനയും എന്ന തിരിച്ചറിവ് നമുക്കുണ്ടായിരിക്കണം. ആവശ്യങ്ങൾക്കും അത്യാവശ്യങ്ങൾക്കും എല്ലാം നാം ആശ്രയിക്കേണ്ടത് നമ്മുടെ സ്വർഗ്ഗസ്ഥപിതാവിൽ മാത്രമാണെന്നുള്ള ബോധ്യം ഉള്ളിൽ നിലനിർത്തണം. ആവശ്യങ്ങൾ സാധിച്ചെടുക്കുന്നതിനുള്ള കുറുക്കുഴികളും മാർഗങ്ങളും പിശാച് നമ്മുടെ ഹൃദയത്തിൽ തോന്നിപ്പിക്കാം. അല്ലെ ങ്കിൽ പ്രിയപ്പെട്ടവരിലൂടെ ഉപദേശങ്ങൾ നൽകാം. പിശാചിന്റെ കെണികൾ മനസ്സിലാക്കി നാം അവ സൂക്ഷിച്ച് ഒഴിയേണ്ടത് വിജയകരമായ ജീവിതത്തിന് അത്യാവശ്യമാണ്.

നമ്മുടെ കർത്താവായ യേശു നേരിട്ട പരീക്ഷകളിൽ ഒന്ന്, ആഹാരവിഷയത്തി ലായിരുന്നുവല്ലോ. ആ തിരുവചനഭാഗം ഇവിടെ ഉദ്ധരിക്കുന്നു: 'ആ ദിവസങ്ങളിൽ അവൻ ഒന്നും ഭക്ഷിച്ചില്ല; അവ കഴിഞ്ഞപ്പോൾ അവനു വിശന്നു. അപ്പോൾ പിശാച് അവനോട്: നീ ദൈവപുത്രൻ എങ്കിൽ ഈ കല്ലിനോട് അപ്പമായിത്തീരുവാൻ

കല്പിക്ക എന്നു പറഞ്ഞു. യേശു അവനോട്: ‘മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല ജീവിക്കുന്നത് എന്ന് എഴുതിയിരിക്കുന്നു എന്ന് ഉത്തരം പറഞ്ഞു’(ലൂക്കോസ് 4 :2-4). പിശാച് 40 ദിവസം കർത്താവിനെ പരീക്ഷിച്ചുകൊണ്ടിരുന്നു എന്നാണല്ലോ ഇവിടെ വായിക്കുന്നത്. ‘നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്’ (എബ്രായർ 4:15). എത്ര മഹത്തായ സത്യം!

പരീക്ഷയുടെ 40 ദിവസങ്ങളിൽ കർത്താവ് ഒന്നും ഭക്ഷിച്ചില്ല. 40 രാവും 40 പകലും യേശു ഉപവസിച്ചു എന്നാണ് മത്തായി എഴുതിയിരിക്കുന്നത് (മത്തായി 4:2). പിശാച് കൊണ്ടുവരുന്ന പരീക്ഷകളെ ജയിക്കേണ്ടത് പ്രാർത്ഥനയാൽ മാത്രമാണ് എന്നുള്ളത് കർത്താവ് നമുക്ക് മാതൃകയായി കാണിച്ചു തന്നിരിക്കുന്നു. ‘പരീക്ഷയിൽ അകപ്പെടാതിരിക്കാൻ (തോറ്റു പോകാതിരിക്കുവാൻ) ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ’ (മത്തായി 26:41) എന്ന് നമ്മുടെ കർത്താവ് കൽപ്പിച്ചിരിക്കുന്നു.

40 ദിവസങ്ങൾക്ക് ശേഷം യേശുകർത്താവിന് നല്ല വിശപ്പ് അനുഭവപ്പെട്ടു കാണും. ഇത് മനസ്സിലാക്കി ഇതാ എളുപ്പവഴിയുടെ നല്ല ഒരു ഉപദേശവുമായി പിശാച് കർത്താവിനെ സമീപിക്കുന്നു. കർത്താവ് പിശാചിന്റെ തന്ത്രം മനസ്സിലാക്കി അവനോട് എതിർത്തുനിന്നു, തോൽപ്പിച്ചു. നമുക്കുള്ള സാധനപാഠം ആണ് ഇത്.

വിശപ്പ് അടക്കുന്നതിന് പിശാച് കൊണ്ടുവന്ന ആശയം കല്ല് അപ്പമാക്കി ഭക്ഷിക്കുക എന്നതായിരുന്നു. പ്രഥമദൃഷ്ട്യാ എന്തെങ്കിലും തെറ്റുണ്ടെന്ന് പറയുവാൻ കഴിയുകയില്ല. കല്ലിന് ആരും അവകാശികൾ ഇല്ല, അതുകൊണ്ട് അത് മോഷണം ആവുകയില്ല. മറ്റ് എന്തെങ്കിലും ‘അരുതാത്തതായി’ ഒന്നും ഈ പ്രവൃത്തിയിലില്ല. എല്ലാറ്റിനും ഉപരിയായി എല്ലാറ്റിന്റെയും ഉടയവൻ തന്നെ അല്ലേ യേശുകർത്താവ്. ആ കല്ലുകളെ അപ്പം ആക്കുന്നതിൽ എന്താണ് തെറ്റ്? പൂർണ്ണ അധികാരം കർത്താവിനുണ്ടല്ലോ. ഇപ്രകാരമുള്ള ചിന്തകൾ ഒന്നുമായിരുന്നില്ല ശരിയും തെറ്റും വിലയിരുത്തുന്നതിന് കർത്താവ് സ്വീകരിച്ചത്. കർത്താവ് സ്വീകരിച്ച മാനദണ്ഡം താൻ നൽകിയ മറുപടിയിൽ വ്യക്തമായി നമുക്ക് കാണുവാൻ കഴിയും. ‘മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല, ദൈവത്തിന്റെ വായിൽ കൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു’ എന്ന കർത്താവിന്റെ മറുപടി എത്ര കൃത്യമായ ഉത്തരമാണ്. ദൈവത്തിന്റെ വായിൽ കൂടി വരുന്ന വചനങ്ങൾ അഥവാ അവിടുത്തെ കല്പ്പനകൾ ആണ് ആത്മീയജീവന്റെ സ്രോതസ്സ് എന്നു ഗ്രഹിക്കുവാൻ കഴിയുന്നതാണ് ബുദ്ധി. ഈ സത്യത്തെ മറച്ചുവെച്ചുകൊണ്ട് ശരീരത്തിന്റെ താൽക്കാലിക ജീവൻ നിലനിർത്തുവാനുള്ള ആഹാരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനാണ് സാത്താൻ ഉപദേശിക്കുന്നത്. ആ കെണിയിൽ ഇന്ന് അനേകർ അകപ്പെടുന്നു എന്നത് എത്ര ദു:ഖകരമാണ്.

**ദൈവത്തിൽ നിന്നല്ല എന്നതിനാൽ ആ ആശയം തെറ്റും മഹാഭോഷത്വവും ആണ്. ശരിയും തെറ്റും നിശ്ചയിക്കുന്നതിന് നാം സ്വീകരിക്കേണ്ട മാനദണ്ഡം, ദൈവത്തിൽ നിന്നാണോ അല്ലയോ എന്ന് വിവേചിക്കുകയാണ്. ദൈവത്തിൽ നിന്നല്ലാത്തത് പിശാചിൽ നിന്നാണ്.**

നമ്മുടെ ചിന്തകളുടെ സ്രോതസ്സ് നാം തിരഞ്ഞ് കണ്ടുപിടിക്കേണ്ടത് ആവശ്യമാണ്. പിശാച് കൊണ്ടുവരുന്ന ആശയങ്ങൾ നല്ലത് എന്ന് പ്രഥമദൃഷ്ട്യാ മനുഷ്യബുദ്ധിയിൽ തോന്നാം. എന്നാൽ ആത്മീയരായ നാം വിവേചിച്ച് മനസ്സിലാക്കണം. ദൈവത്തിൽ നിന്നല്ല എന്നതിനാൽ ആ ആശയം തെറ്റും മഹാഭോഷത്വവും ആണ്. ശരിയും തെറ്റും നിശ്ചയിക്കുന്നതിന് നാം സ്വീകരിക്കേണ്ട മാനദണ്ഡം, ദൈവത്തിൽ നിന്നാണോ അല്ലയോ എന്ന് വിവേചിക്കുകയാണ്. ദൈവത്തിൽ നിന്നല്ലാത്തത് പിശാചിൽ നിന്നാണ്. കർത്താവ് പത്രോസിനെ ശാസിച്ചത് ഓർക്കുക. ‘സാത്താനെ എന്നെ വിട്ടു പോ... നീ എനിക്ക് ഇടർച്ച ആകുന്നു, നീ ദൈവത്തിന്റേതല്ല മനുഷ്യരുടെതത്രേ കരുതുന്നത്’ എന്ന് പറഞ്ഞു’ (മത്തായി 16 :23). ക്രൂശിൽ മരിക്കുന്നത് ഒഴിവാക്കി ചിന്തിക്കുവാൻ പത്രോസ് യേശുവിനെ ഉപദേശിക്കുന്നത് മാനുഷി

കചിന്തയാണ്, അതിന്റെ പിന്നിൽ സാത്താനും. ദൈവത്തിന്റെ ആത്യന്തികഹിതം മനുഷ്യജാതിയുടെ വീണ്ടെടുപ്പിനായി യേശു ക്രൂശിൽ മരിക്കുന്നതാണ്. ഇതുപോലെ, ദൈവത്തിന്റെ വ്യക്തമായ ഹിതത്തിൽ നിന്നും വ്യതിചലിപ്പിക്കുവാൻ നമ്മുടെ ഭൗതിക ആവശ്യങ്ങളെ ചൂണ്ടിക്കാണിച്ചു പിശാച് പുതിയ ആശയങ്ങൾ കൊണ്ടുവരുമ്പോൾ നാം തിരിച്ചറിയേണ്ടതുണ്ട്.

വിശപ്പടക്കുക അഥവാ ഭൗതിക ആവശ്യങ്ങൾ നടക്കുക എന്നതാണോ ഇന്ന് നിങ്ങളെ കൂടുതൽ ചിന്തിപ്പിക്കുന്നത്? അതിനുള്ള മാർഗങ്ങൾ ആണോ വ്യാകുലചിത്തരായി തിരഞ്ഞുകൊണ്ടിരിക്കുന്നത്? നിങ്ങളുടെ ചിന്തയിൽ കണ്ടെത്തുന്ന പരിഹാരമാർഗങ്ങൾ ദൈവത്തിൽ നിന്നാണോ എന്ന് തിരിച്ചറിയുവാൻ ശ്രമിക്കുന്നുണ്ടോ? പ്രാർത്ഥനയിലും ദൈവവചന ധ്യാനത്തിലും ദൈവഹിതം തിരിച്ചറിയുവാൻ ദൈവത്തിങ്കലേക്ക് ഹൃദയം ഏകാഗ്രപ്പെടുത്തുമോ?

വിശപ്പിന്റെ സമ്മർദ്ദവും സാഹചര്യങ്ങളുടെ നിർബന്ധവും മറ്റുള്ളവരിൽ നിന്നുണ്ടാകുന്ന പ്രേരണകളും  ഇവ മാനുഷിക ചിന്തകളിലേക്കും പരിഹാരമാർഗ്ഗങ്ങളിലേക്കും നിങ്ങളുടെ ശ്രദ്ധ തിരിച്ചു വിടുമ്പോൾ സൂക്ഷിക്കുക. 'നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിത്തന്നെ പ്രവർത്തിപ്പീൻ' (യോഹന്നാൻ 6:27) എന്ന യേശുകർത്താവിന്റെ വചനങ്ങൾ ഓർക്കുക. 'എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നത് തന്നെ എന്റെ ആഹാരം' (യോഹന്നാൻ 4:34) എന്ന കർത്താവിന്റെ പ്രഖ്യാപനം നമുക്കും മാർഗ്ഗദർശനം ആയിരിക്കട്ടെ. നമ്മുടെ ജീവിതം, മുമ്പേ ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നത് ആയിരിക്കട്ടെ (മത്തായി 6:34)

ദൈവത്തിന്റെ ദാനമാണ് നമ്മുടെ ജീവിതം. ഈ ജീവിതത്തിൽ ലഭിച്ചിരിക്കുന്ന ആരോഗ്യവും ആയുസ്സും ജീവിതത്തിന് ആവശ്യമായ സകലതും ദൈവത്തിന്റെ ദാനമാണ്. ദൈവത്തിന്റെ തിരുഹിതം നിവർത്തിക്കുന്നതിനാണ് ഈ ദാനങ്ങൾ എല്ലാം ഉപയോഗപ്പെടുത്തേണ്ടത്. അപ്പോൾ മാത്രമാണ് ജീവിതം അർത്ഥമുള്ളതാകുന്നത്. ദൈവഹിതം ചെയ്യുന്നതിലുള്ള വിജയമാണ് യഥാർത്ഥത്തിൽ ജീവിതവിജയം. അതുകൊണ്ട് ദൈവഹിതം ചെയ്യുക എന്ന ലക്ഷ്യത്തിലൂന്നിയുള്ള ചിന്താ

**ദൈവത്തോടുകൂടിയുള്ള നിത്യതയ്ക്ക്  നമ്മെത്തന്നെ ഒരുക്കേണ്ടതിനുള്ള ഒരു ഹ്രസ്വകാലം മാത്രമാണല്ലോ ഈ ലോകജീവിതം.**

ഗതി നമ്മിൽ രൂപപ്പെടുകയും നാം എടുക്കുന്ന എല്ലാ തീരുമാനങ്ങളും ദൈവഹിതാനുസൃതമായിരിക്കുകയും ചെയ്യുക എന്നതാണ് യഥാർത്ഥ ആത്മീയത.

അപ്പം കൊണ്ട് ജീവിക്കുന്ന ഭൗതികലോകത്തിനപ്പുറം ദൈവത്തിന്റെ വായിൽ കൂടി വരുന്ന അവിടുത്തെ സകല വചനങ്ങൾ കൊണ്ടും ജീവിക്കുന്ന ആത്മീയ ജീവിതത്തിന്റെ ഉൾക്കാഴ്ച നമുക്ക് ഏറ്റവും അത്യാവശ്യമാണ്. ദൈവത്തോട് കൂടെയുള്ള നിത്യതയ്ക്ക്  നമ്മെത്തന്നെ ഒരുക്കേണ്ടതിനുള്ള ഒരു ഹ്രസ്വകാലം മാത്രമാണല്ലോ ഈ ലോക ജീവിതം. ഈ ജീവിതത്തിലൂടെ സാധിച്ചെടുക്കേണ്ടത്  ദൈവത്തോടു കൂടെയുള്ള നിത്യത ഉറപ്പാക്കുകയും, നിത്യതയിൽ പ്രതിഫലങ്ങൾ പ്രാപിക്കുകയും ചെയ്യുക എന്നതാണ്. അതിലേക്ക് നമ്മെ നയിക്കുന്നതാണ് ദൈവത്തിന്റെ തിരുഹിതം. അവിടുത്തെ വചനങ്ങളാണ് തിരുഹിതത്തിന്റെ വെളിപ്പാട് ആയിരിക്കുന്നത്. ആഹാരം ശരീരത്തിന്റെ പോഷണത്തിന് എന്നതുപോലെ ദൈവവചനം നമ്മുടെ അകത്തെ മനുഷ്യന്റെ പോഷണത്തിനാണല്ലോ. ദൈവവചനം എത്രമാത്രം അനുസരിക്കുന്നുവോ അത്രത്തോളം നമ്മുടെ അകത്തെ മനുഷ്യൻ ബലം പ്രാപിക്കുന്നു, അഥവാ ആത്മീയമായി നാം വളരുന്നു.

ഭൗതിക ഉയർച്ചയ്ക്ക് വേണ്ടിയുള്ള അധ്വാനങ്ങളുടെ തിരക്കിൽ യഥാർത്ഥ ആത്മീയജീവിതത്തെ അവഗണിക്കാൻ ആർക്കും ഇടയാകാതിരിക്കട്ടെ. ഭൗതികചിന്തകളാൽ ഞെരുങ്ങിയിട്ട് ദൈവികകാര്യങ്ങളിലും ദൈവം ഏൽപ്പിച്ച ശുശ്രൂഷയിലും നിസംഗരും അവിശ്വസ്തരുമാകുവാൻ ആർക്കും ഇടയാകാതിരിക്കട്ടെ. മുമ്പേ, ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുന്ന ചിന്താഗതിക്കാരായ യഥാർത്ഥ കർതൃശിഷ്യന്മാരായിരിക്കുവാൻ നമുക്ക് ഇടയാകട്ടെ. യേശു നമുക്ക് മതിയായവൻ എന്ന ബോധ്യം നമ്മെ ഭരിക്കട്ടെ.

# മരണം കൊണ്ട് വെളിപ്പെടുത്തിയ സ്നേഹം



സാജു മാത്യു

***"നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും" (യോഹന്നാൻ 14:15).***

**ചെ**യർമാൻ മാവോ (Mao Tsetung) ചൈനയുടെ ഏകാധിപതിയായിരുന്ന കാലത്തു നടന്നതായുള്ള ഒരു കഥയുണ്ട്. അന്ന് എല്ലാ പബ്ലിക് പരിപാടികൾക്കുമൊടുവിൽ മാവോയുടെ വിപ്ലവവീര്യത്തെയും ഭരണനിപുണതയെയും വിവരിക്കുന്ന ഒരു സ്തുതിഗീതം പാടണമെന്ന് നിർബന്ധമുണ്ടായിരുന്നു. അപ്പോൾ എല്ലാവരും എഴുന്നേറ്റുനിൽക്കുകയും വേണം.

ഒരുദിവസം ചെയർമാൻ മാവോ ആരെയും അറിയിക്കാതെ ഒരു നാടകം കാണാൻപോയി. നാടകാന്ത്യത്തിൽ 'മാവോസ്തുതിഗീതം' പാടിയപ്പോൾ എല്ലാവരും എഴുന്നേറ്റുനിന്നു. യഥാർഥ മാവോ മാത്രം എഴുന്നേൽക്കാതെ കസേരയിൽത്തന്നെ ഇരുന്നു. 'എഴുന്നേറ്റു നിൽക്കടോ അഹങ്കാരീ!', അടുത്തുനിന്ന ആൾ ആക്രോശിച്ചു. കാരണം, അദ്ദേഹത്തെ ആരും തിരിച്ചറിഞ്ഞിരുന്നില്ല. മാവോഗീതം പാടുമ്പോൾ എഴുന്നേറ്റുനിൽക്കണമെന്നു നിനക്കറിയില്ലെ?' ആ ഇരിക്കുന്ന ആൾ തന്നെയാണ് യഥാർഥത്തിൽ മാവോ എന്ന്, ആക്രോശിക്കുന്ന ആൾക്ക് അറിയില്ലല്ലോ.

'മാവോയോ? എനിക്ക് അയാളെക്കുറിച്ച് വലിയ ബഹുമാനമൊന്നുമില്ല' യഥാർഥ മാവോ ഇരുന്നുകൊണ്ടുതന്നെ മറുപടി പറഞ്ഞു. എന്തായിരുന്നു മാവോഭക്തന്റെ മറുപടിയെന്നോ? 'ബഹുമാനവും സ്നേഹവും ഒക്കെ വേണമെന്ന് ആരാണ്ടു പറഞ്ഞോ?. ഈ എഴുന്നേറ്റു നിൽക്കുന്നവർക്കൊക്കെ മാവോയോടു സ്നേഹമാണെന്നു താൻ ചിന്തിക്കുന്നുണ്ടോ? എടോ, കഴുത്തിനുമുകളിൽ തലവേണമല്ലോ എന്നുവെച്ചാണ് ഈ മനുഷ്യരൊക്കെ എഴുന്നേറ്റുനിൽക്കുന്നത്... തല അവിടെത്തന്നെ ഇരിക്കണമെങ്കിൽ താനും എഴുന്നേറ്റുനിന്നോ... അതാ നല്ലത്".

എന്തുകൊണ്ടാണ് പലപ്പോഴും മനുഷ്യർ അനുസരിക്കുന്നതെന്ന് നോക്കൂ! എന്നാൽ യേശു പറയുന്നത് ശ്രദ്ധിക്കുക: 'നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും' (യോഹന്നാൻ 14:15). സ്വാഭാവികമായും മനുഷ്യർ കല്പനകളെ അനുസരിക്കുന്നത് മൂന്നുകാരണങ്ങളാലാണ്. ഒന്നാമത് ശിക്ഷയെ പേടിച്ച്... നാം വാഹനമോടിക്കുമ്പോൾ വൺവേ തെറ്റിക്കാത്തതും നിരത്ത് ഒഴിഞ്ഞുകിടക്കുകയാണെങ്കിലും റെഡ്‌ലൈറ്റ് ക്രോസുചെയ്യാത്തതും അനുവദിക്കപ്പെടാത്ത സ്ഥലത്ത് പാർക്കുചെയ്യുന്നതുമൊക്കെ രാജ്യസ്നേഹംകൊണ്ടും നിയമത്തോടുള്ള അദമ്യമായ ബഹുമാനംകൊണ്ടും ഒന്നുമല്ലല്ലോ. നമുക്കറിയാം, പൊലിസെങ്ങാനും പിടിച്ചാൽ പിഴ ഒടുക്കേണ്ടിവരുമെന്ന്. ഹൈവേയിൽ 60 കിലോമീറ്ററിൽ വണ്ടിവിടാത്തത് അപകടത്തെ പേടിക്കുന്നതിനെക്കാൾ 'റഡാറി'നെ പേടിച്ചാണ്. ഒരു ജയിൽ സന്ദർശനവേളയിൽ എന്റെ ഒരു സുഹൃത്ത് പറഞ്ഞകാര്യം ഓർമയിലുണ്ട്. ഇതിനു പുറത്ത് സ്വതന്ത്രരായി നടക്കുന്ന നമ്മിൽ പലരും ഇതിനകത്തു കിടക്കേണ്ടിവരാഞ്ഞത് നമ്മൾ അവരെക്കാൾ നല്ലവരും അവർ നികൃഷ്ടരും ആയതിനാലല്ല. അവർ ശിക്ഷാകരമായി ചെയ്ത പല കാര്യങ്ങളും നാമും ചെയ്തേനെ. എന്നാൽ നമുക്ക് അതിനുള്ള ധൈര്യമില്ലായിരുന്നു. പിടിക്കപ്പെടുമെന്നും ശിക്ഷിക്കപ്പെടുമെന്നുമുള്ള പേടികൊണ്ടാണ് നമ്മിൽ പലരും കുറ്റം ചെയ്യാത്തത്.

നിയമങ്ങളനുസരിക്കാൻ മനുഷ്യർക്ക് പ്രേരണയാകുന്ന ഒന്നാമത്തെ ഘടകം ശിക്ഷയെപ്പറ്റിയുള്ള ഭീതിയാണെങ്കിൽ, രണ്ടാമത്തെ ഘടകം അനുസരണംകൊണ്ടു ലഭിക്കുന്ന പ്രതിഫലമാണ്. ഒരാൾ കൃത്യമായ സമയത്തുതന്നെ പഞ്ചുചെയ്ത് ഓഫീസിലെത്തുകയോ, ലോഗിൻചെയ്ത് ജാഗ്രതയോടെ ജോലിതീർക്കുകയോ ഒക്കെ ചെയ്യുന്നത് 'മുതലാളി'യെ അത്യഗാധമായി സ്നേഹിക്കുന്നതുകൊണ്ടോ ജോലിയിൽ അമിതമായി രസിക്കുന്നതുകൊണ്ടോ ഒന്നും ആയിരിക്കണമെന്നില്ലല്ലോ. ജോലി കൃത്യമായി ചെയ്താലേ അക്കൗണ്ടിൽ ശമ്പളം വന്നുവീഴൂ എന്നു നിങ്ങൾക്കറിയാം. നിങ്ങൾ ഓഫീസിൽ വന്നാലും വന്നില്ലെങ്കിലും ജോലിചെയ്താലും ചെയ്തില്ലെങ്കിലും ശമ്പളം കൃത്യമായി നിങ്ങളുടെ അക്കൗണ്ടിൽ ക്രെഡിറ്റു ചെയ്തോളാം എന്ന് 'മുതലാളിസ്ഥാപനം' പറഞ്ഞാലും സമയത്തിനു മുമ്പ് ഓഫീസിലെത്തി ഏൽപിച്ചതിൽ കൂടുതൽ പണിയെടുക്കുന്ന എത്ര പേരുണ്ടാകും?

നിയമങ്ങളനുസരിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന മൂന്നാമത്തെ ഘടകം ഒരു 'മങ്ങിയ കർത്തവ്യബോധം' (grim sense of duty)ആണ്. 'ഞാൻ ഒരു സ്കൂൾ അധ്യാപകനല്ലെ, ഞാൻ ഈ കുഞ്ഞുങ്ങൾക്ക് നാലക്ഷരം പറഞ്ഞുകൊടുക്കാതിരിക്കുന്നത് ശരിയാണോ? സർക്കാർ എനിക്കു ശമ്പളം തരുന്നതല്ലെ, ഞാൻ ഈ രോഗികളെ ശുശ്രൂഷിക്കേണ്ടതല്ലേ... നമ്മൾ വെറുതെയിരിക്കുന്നത് ശരിയല്ലല്ലോ, കമ്പനി ശമ്പളം തരുന്നതല്ലെ... തിന്നുന്ന ചോറിനു നന്ദികാണിക്കണം, ഇല്ലെങ്കിൽ നമ്മൾ മനുഷ്യരാണോ?'. കർത്തവ്യബോധമാണ് പല നല്ല മനുഷ്യരുടെയും അനുസരണത്തിന്റെ പ്രേരകശക്തി (driving force).

ഒരു സാധാരണ യെഹൂദൻ ന്യായപ്രമാണത്തെ അനുസരിക്കുന്നതിനും ഇതൊക്കെത്തന്നെയായിരുന്നു കാരണങ്ങൾ. അനുസരിച്ചാൽ അനുഗ്രഹം കിട്ടും; അനുസരിച്ചില്ലെങ്കിൽ ശാപം കിട്ടും... 'ഇതാ ഞാൻ അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെയ്ക്കുന്നു... അനുസരിക്കുന്നു എങ്കിൽ അനുഗ്രഹവും... അനുസരിക്കാതെ അന്യദൈവങ്ങളുടെ പിന്നാലെ ചെല്ലുന്നുവെങ്കിൽ ശാപവും വരും' (ആവർത്തനം 11:26-28). യെഹൂദർ മാത്രമല്ല, ക്രിസ്ത്യാനികളിലും മിക്കവരും ഭീതികൊണ്ടോ മോഹംകൊണ്ടോ ആണ് കല്പനകളെ അനുസരിക്കുന്നത് എന്നാണ് ഏറ്റവും സങ്കടകരമായ കാര്യം. അതുകൊണ്ടാണല്ലോ നമ്മുടെ പാട്ടുകളെല്ലാം അനുഗ്രഹപ്പാട്ടുകളും പ്രസംഗങ്ങളെല്ലാം അനുഗ്രഹപ്രസംഗങ്ങളും അതല്ലെങ്കിൽ ഭീഷണികളും ഒക്കെയാവുന്നത്.

'അനുസരിച്ചാൽ അനുഗ്രഹം അനുസരിച്ചില്ലെങ്കിൽ ശാപം' എന്നു പറഞ്ഞാൽ എന്താണു തെറ്റ്? അത് വേദപുസ്തകത്തിന്റെ വാഗ്ദത്തമല്ലെ എന്നു ചോദിച്ചേക്കാം.

അത് വേദപുസ്തകത്തിലെ വാക്യം തന്നെ. എന്നാൽ ഇന്നത്തെ പ്രസംഗകർ അത്രയും മൊത്തമായി പറഞ്ഞിരുന്നെങ്കിൽ നന്നായിരുന്നു. ഇന്ന് 'അനുസരണത്തെ'പ്പറ്റി കേൾക്കുന്നേയില്ല- അനുഗ്രഹത്തെക്കുറിച്ചേ കേൾക്കുന്നുള്ളൂ. അനുഗ്രഹത്തെ അനുസരണത്തിൽ നിന്നു അടർത്തിയെടുക്കുവാൻ ആരാണു നമുക്ക് അനുവാദം തന്നത്? അനുസരിച്ചില്ലെങ്കിൽ ശാപം എന്ന യാഥാർഥ്യത്തെ മറച്ചുകൊണ്ട് നമുക്ക് അനുഗ്രഹം പ്രസംഗിക്കാനാവുമോ? പിന്നെയുമുണ്ട് പ്രശ്നം... ഇനി, അതു മുഴുവൻ പ്രസംഗിച്ചാലും അതൊരു പഴയനിയമ പ്രസംഗമേ ആകൂ. കാരണം, യേശു കല്പനകളുടെ അനുസരണത്തെ ബന്ധിപ്പിച്ചിരിക്കുന്നത് അനുഗ്രഹത്തോടോ ശാപത്തോടോ അല്ല; പ്രത്യുത, 'സ്നേഹ'ത്തോടാണ്. 'നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും'

കല്പനകളെ സ്നേഹവുമായി ബന്ധപ്പെടുത്തിയാണ് പഴയനിയമത്തിലും പഠിപ്പിച്ചുതുടങ്ങിയത്. യെഹൂദരുടെ 'ഷേമ (shema)' തുടങ്ങുന്നതു തന്നെ 'നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം' എന്നാണ്. പിന്നീടാണ് കല്പനകൾ കാക്കുന്ന കാര്യം പറയുന്നത് (ആവർത്തനം 6:4-6). 'നിന്റെ ദൈവമായ യഹോവയെ നീ 'സ്നേഹിച്ച്' അവന്റെ പ്രമാണങ്ങളും ചട്ടങ്ങളും വിധികളും കല്പനകളും എല്ലായ്പ്പോഴും പ്രമാണിക്കണം' (ആവർത്തനം 11:1). കല്പന കൊടുക്കുമ്പോൾ സ്നേഹിക്കുന്ന കാര്യമാണു പറയുന്നത്: 'എന്നെ സ്നേഹിച്ച് എന്റെ കല്പനകളെ പ്രമാണിക്കുന്നവർക്ക്...' (പുറപ്പാട് 20:6).

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

# അവിശ്വസനീയമായ മൂന്ന് പ്രവൃത്തികൾ

(എബ്രായർ 11: 29-38)

**വി**ശ്വാസത്താൽ നടന്ന മൂന്ന് അത്ഭുത കാര്യങ്ങളെക്കുറിച്ച് എബ്രായർ 11 :29-31 ഭാഗത്തു പറയുന്നു. അതിൽ ആദ്യത്തേത് ഇസ്രയേൽ ജനം ചെങ്കടൽ കടന്നുവന്ന കാര്യമാണ്. ഇസ്രായേൽമക്കൾ വിശ്വാസത്താൽ കരയിൽ എന്നതുപോലെ കടലിലൂടെ നടന്നു. എന്നാൽ വിശ്വാസമില്ലാതെ നടന്ന മിസ്രയീമ്യർക്ക് അത് സാധിച്ചില്ല. ചെങ്കടലിലൂടെ ആദ്യമായി നടക്കാൻ ശ്രമിച്ചത് ഇസ്രായേൽജനമാണ്. മോശെ ചെങ്കടൽ വിഭജിച്ചപ്പോൾ ഇസ്രായേൽ അതിലെ നടന്നുപോയി. അത് കണ്ടുകൊണ്ടാണ് മിസ്രയീമ്യർ പുറകെ വന്നത്. ഇസ്രായേൽ മക്കൾക്ക് അങ്ങനെ കടന്നുപോകാമെങ്കിൽ തങ്ങൾക്കും എന്തുകൊണ്ട് പോയിക്കൂടാ എന്ന് അവരും തീർച്ചയായിട്ടും കരുതിയിട്ടുണ്ടാകും. അപ്പോൾ അവർ ഒട്ടും സംശയിച്ചുകാണാൻ വഴിയില്ല. കാരണം അവർ കാണുന്നത് ആളുകൾ ചെങ്കടലിലൂടെ നടന്നു പോകുന്നതാണ്. എന്നാൽ വിശ്വാസം എന്നത് കാണുന്ന കാര്യങ്ങളിൽ നിന്നുണ്ടാകുന്നതല്ല. ഇസ്രായേൽജനം വിശ്വസിച്ചത് മോശെയിലൂടെ ദൈവം ചെയ്യുന്ന പ്രവർത്തികളെയാണ്. ആ വിശ്വാസം രക്ഷാകരവും ദൈവദാനവും ആണ്. എന്നാൽ കാഴ്ചയാൽ അനുഗമിക്കുന്നത് വിശ്വാസമല്ല, മറിച്ച് ഒരു കണക്കുകൂട്ടലാണ്. ഇന്നു നാം വിശ്വാസത്താൽ എന്നു പറയുന്ന മിക്കവാറും കാര്യങ്ങളും കണക്കുകൂട്ടലുകളുടെ അടിസ്ഥാനത്തിൽ നടക്കുന്ന കാര്യങ്ങളാണ്. മുമ്പിൽ ദൈവത്തിന്റെ പ്രവൃത്തി മാത്രം കാണുന്നതാണ് വിശ്വാസം.

ഇതുപോലെ തന്നെയാണ് യരിഹോ മതിൽ ഇടിഞ്ഞുവീഴുന്ന കാര്യവും. അവർ ഒന്നും കാണാതെ വിശ്വാസത്താൽ അനുസരിക്കുക മാത്രം ചെയ്യുന്നു. നേരത്തെ എവിടെയെങ്കിലും ഇങ്ങനെ നടന്നതായി മുന്നറിവും ഇല്ല. ദൈവം എന്താണ് ചെയ്യുന്നത് എന്ന് അവർ മുൻകൂട്ടി കണ്ടിട്ടില്ല. വിശ്വാസത്താൽ അനുസരിക്കുന്നു, കാഹളം ഊതുന്നു. ഏഴു ദിവസം അവർ ചുറ്റി നടന്നപ്പോൾ അത് വിശ്വാസത്തിന്റെ പ്രവൃത്തി ആയിരുന്നു. കാഹളം മുഴക്കിയ ശബ്ദപ്രകമ്പനങ്ങൾ മതിലിന് താങ്ങാൻ പറ്റിയിട്ടുണ്ടാകില്ല എന്ന് കരുതുന്നവരുണ്ടാകാം. പക്ഷേ, ഇവരുടെ ശബ്ദം കൊണ്ടല്ല വിശ്വാസം കൊണ്ടാണ് അത് സംഭവിച്ചതെന്ന് വേദപുസ്തകം പ്രഖ്യാപിക്കുന്നു. ഇന്നും വിശ്വാസമാണ് ദൈവത്തിന്റെ പ്രവൃത്തികൾ എന്തെന്ന് കാണുവാൻ നമ്മെ സഹായിക്കുന്നത്. അത് എന്താണെന്ന് മുൻകൂട്ടി അറിയണമെന്ന് നിർബന്ധവുമില്ല. നമ്മുടെ പിതാവ് ചെയ്യുന്നതെല്ലാം ഏറ്റവും നല്ലത് എന്നുള്ള വിശ്വാസം കൂടിയാണത്.

മൂന്നാമതായി നാം കാണുന്നത് രാഹാബ് എന്ന വേശ്യയുടെ കഥയാണ്. അതുവലിയൊരു അത്ഭുത കഥ തന്നെയാണ്. രാഹബ് വിശ്വാസത്താൽ തന്റെ ജീവനെ

വിലയേറിയതായി കരുതാതെ ഒറ്റുകാരെ സംരക്ഷിക്കുകയും ജാതികളുടെ കൂടെ നശിച്ചു പോകാതിരിക്കുകയും ചെയ്തു. യേശുക്രിസ്തുവിന്റെ വംശാവലിയിൽ ഇടം പിടിച്ചവളായി അവൾ മാറി എന്നുള്ളത് ദൈവത്തിന്റെ അത്ഭുതകരമായ കൃപയാണ്. അതുകൊണ്ട് വിശ്വാസം ഏതു അധമാവസ്ഥയിലുള്ള പാപിയെയും രക്ഷിക്കുന്ന ഒന്നാണ്. അതിൽ മനുഷ്യന്റെ ഒരു നന്മയും കണക്കിടപ്പെടുന്നില്ല. ദൈവത്തെക്കുറിച്ച് അല്ലെങ്കിൽ ദൈവജനത്തെക്കുറിച്ച് ഒന്നും ചിന്തിക്കാതിരുന്ന ഒരു സ്ത്രീ, പെട്ടെന്ന് ഒരു നിമിഷം തന്റെ ജീവിതത്തെ തന്നെ അപകടപ്പെടുത്തിക്കൊണ്ട് ദൈവദാസീയായി മാറി, ക്രിസ്തുവിന്റെ വംശാവലിയിൽ ഉൾപ്പെടുന്നു. ദാവീദ് ഉൾപ്പെടെയുള്ള രാജാക്കന്മാർക്ക് മാതാവായി മാറുന്നു. വിശ്വാസത്താൽ ദൈവജനത്തിന് ലഭിക്കുന്ന ഉയർച്ച എന്താണ്? അത് വ്യക്തിപരമായി ജീവിതത്തിൽ ഉണ്ടാകുന്ന ഭൗതികലാഭങ്ങളല്ല, ദൈവത്തിന്റെ സന്നിധിയിൽ അവർ നീതിമാന്മാരും യോഗ്യന്മാരുമായി എണ്ണപ്പെടുന്നതാണ്. എബ്രായ ലേഖനകർത്താവ് ഈ മൂന്നു സംഭവങ്ങളെ പ്രത്യേകമായി പരാമർശിക്കുമ്പോൾ, ദൈവം എങ്ങനെയാണ് മതത്തിന്റെ അടിസ്ഥാനം ഒന്നുമില്ലാത്ത പാപികളായ സാധാരണ മനുഷ്യരിലൂടെ അവർക്ക് വിശ്വാസം നൽകിക്കൊണ്ട് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാകുന്നു.

രാഹാബിന്റെ സംഭവം നമ്മെ പഠിപ്പിക്കുന്ന ഏറ്റവും വലിയ പാഠം വിശ്വാസത്തിന്റെ നായകൻ ദൈവം തന്നെ എന്നുള്ളതാണ്. അതിൽ രാഹാബിന് തന്റെ ജീവൻ പോലും പണയപ്പെടുത്തിക്കൊണ്ട് ഒറ്റുകാരെ രക്ഷിച്ചു എന്നല്ലാതെ ഒരു പങ്കുമില്ല. നാമെല്ലാവരും അങ്ങനെ കണ്ണ് തുറക്കപ്പെട്ടവരാണ്. പാപത്തിൽ ജീവിച്ചവർ പെട്ടെന്ന് ഒരു ദിവസം ദൈവവചനം കേട്ട് ഹൃദയം തുറക്കപ്പെട്ടു, രക്ഷയുടെ മനോഹരത്വം കണ്ട് ദൈവത്തിന്റെ ദാസന്മാരായി മാറുന്നു. പലരുടെയും അനുഭവം ഇങ്ങനെ തന്നെയാണല്ലോ.

വിശ്വാസത്താൽ അത്ഭുതങ്ങൾ സാധിക്കുമോ? തീർച്ചയായും! ഈ മൂന്നു സംഭവങ്ങളെ ഒരിക്കൽക്കൂടി നോക്കിയാൽ അവിടെയെല്ലാം അത്ഭുതങ്ങൾ നടന്നിട്ടുണ്ട്. ചെങ്കടൽ വിഭജിക്കപ്പെടുമ്പോൾ അതൊരു ജനതയുടെ വിടുതലായിരുന്നു. മതിൽ വീഴുമ്പോൾ ഒരു പുതിയ പ്രവേശനത്തിലേക്കുള്ള തുടക്കമായിരുന്നു. രാഹാബ് തന്റെ ജീവിതത്തെ മറ്റുള്ളവർക്ക് വേണ്ടി അപകടപ്പെടുത്തുമ്പോൾ ഒരു ജനത രക്ഷപ്പെടുകയായിരുന്നു. പക്ഷേ, ഈ അത്ഭുതങ്ങളെല്ലാം നാം കാണുമ്പോൾ ക്രിസ്തുവിലേക്ക് നമ്മെ എത്തിക്കുന്ന യഥാർത്ഥപ്രവൃത്തി നടക്കുന്നത് വിശ്വസിച്ച ഓരോരുത്തരുടെയും ഹൃദയത്തിലാണ്. വിശ്വാസത്തിലൂടെ അവർ അനുഭവിച്ചത് അവരെ രക്ഷിക്കുന്ന ദൈവത്തിന്റെ സ്നേഹവും കരുണയുമാണ്.

എബ്രായർ 11 ന്റെ 32 മുതൽ 35 വരെയുള്ള വാക്യങ്ങളിൽ നാം കാണുന്നത് ഏതാനും വിശ്വാസവീരന്മാരുടെ പേരുകളാണ്. എന്നാൽ അവർ എന്തു ചെയ്തു എന്ന് ഇവിടെ രേഖപ്പെടുത്തിയിട്ടില്ല. അവയെക്കുറിച്ച് എല്ലാം വിവരിക്കുവാൻ സമയം പോരാ എന്ന് ലേഖനകർത്താവ് പറയുന്നു. അതുകൊണ്ട് ഇവിടെയും കൂടുതൽ വിശദീകരണങ്ങൾ ആവശ്യമില്ലല്ലോ. എന്നാൽ ഈ ലിസ്റ്റ് നാം ശ്രദ്ധിക്കേണ്ടതാണ്. ഇതൊരു വലിയ ലിസ്റ്റിന്റെ തുടക്കം മാത്രമാണ്. ആ ലിസ്റ്റ് മുന്നോട്ട് പൊയ്ക്കൊണ്ടേയിരിക്കുന്നു. ദാവീദിന്റെയും ശമുവേലിന്റെയും കാലത്തിനു ശേഷമുള്ള ആരെയും ഇവിടെ പരാമർശിക്കുന്നില്ല. എന്നാൽ ഇനി അനേകരെക്കുറിച്ചുള്ള കാര്യങ്ങൾ വിശദമാക്കപ്പെടേണ്ടതുണ്ട് എന്ന് സൂചന ഇവിടെ ലഭിക്കുന്നുണ്ട്. നാം വളരെ ശ്രദ്ധിച്ചു മനസ്സിലാക്കേണ്ട ചില ആത്മീയ സത്യങ്ങൾ തുടർന്നുള്ള വാക്യങ്ങളിൽ കാണാം. എബ്രായർ 11:33-35 വരെയുള്ള വാക്യങ്ങൾ ഈ വിശ്വാസവീരന്മാർ ചെയ്ത അത്ഭുത പ്രവർത്തികളെക്കുറിച്ചാണ് പറയുന്നത്. അവർ രാജ്യങ്ങളെ അടക്കി ഭരിക്കുകയും നീതി നടത്തുകയും സിംഹങ്ങളുടെ വായ് അടച്ചുകളയുകയും തീയിലൂടെ നടക്കുകയും ചെയ്തു. അവർ ബലഹീനരായിരുന്നപ്പോൾ തന്നെ വിശ്വാസത്താൽ ശക്തരായി മാറി. മരിച്ചവരെ തിരിച്ചുകൊണ്ടുവരുന്ന അത്ഭുതങ്ങൾ വരെ ഇവരാൽ സംഭവിച്ചു. എന്നാൽ ഇവരാരും അവരുടെ പ്രാണനെ വിലയേറിയതായി എണ്ണിയില്ല. എബ്രായർ 11:36 ൽ, ആരാലും അറിയപ്പെടാതെ പോകുന്ന വിശ്വാസവീരന്മാരെക്കുറിച്ചുള്ള അത്ഭുതകരമായ ഒരു പരാമർശം കാണാം. അതായത് അവർ ഈ ലോകത്ത് ഒരു ഉയർച്ചയും വേണ്ട എന്ന് തീരുമാനിച്ചവരാണ്. ഈ നീണ്ട ലിസ്റ്റിൽ വിടുതൽ പ്രാപിച്ചു ദൈവത്തെ രുചിച്ചറിഞ്ഞവരും വിടുതൽ ലഭിക്കാതെ ദൈവസന്നിധിയിൽ ചേർക്കപ്പെട്ടവരും ഉൾപ്പെടുന്നു. •



# വിലമതിക്കാനാവാത്ത ദാനം

**ചാൾസ് സ്പർജൻ**

യഥാർത്ഥ രക്ഷ നൽകുന്ന വിശ്വാസം, എന്താണെന്ന് എല്ലാവരും മനസ്സിലാക്കിയിട്ടില്ല. വിശ്വാസം എന്നത് യേശുവിനെക്കുറിച്ച് അറിയുന്നതോ, ദൈവപുത്രനാണെന്ന് സമ്മതിക്കുന്നതോ മാത്രമല്ല. രക്ഷിക്കുന്ന വിശ്വാസം, പ്രധാനമായും യേശുവിനെ രുചിച്ചറിയുന്നതും വചനാനുസരണം ക്രിസ്തുവിൽ സമ്പൂർണ്ണമായി ആശ്രയിച്ച് ഒരു വ്യക്തിഗത ഉടമ്പടിബന്ധത്തിൽ ജീവിക്കുവാൻ നമ്മെ ഒരുക്കുന്നതുമാണ്. ഈ സത്യം പ്രത്യേകം ശ്രദ്ധിക്കണം. വചനം കേൾക്കയും ഗ്രഹിച്ച് വിശ്വസമായി പരിണമിക്കുകയും ചെയ്യുന്നതിലൂടെ ഒരു വ്യക്തി വിശ്വാസത്താലുള്ള രക്ഷ പ്രാപിച്ച് അനുദിനം ക്രിസ്തുവിൽ വളരുന്നു.

**1. രക്ഷകനെക്കുറിച്ചുള്ള അറിവ്:**

വിശ്വാസത്തിന് ആദ്യം വേണ്ടത് അറിവാണ്. '...കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും?...'(റോമർ 10:14). യേശുവിനെ അറിയാതെ യേശുവിൽ വിശ്വസിക്കാൻ കഴിയില്ല. 'വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു' (റോമർ 10:17). അതുകൊണ്ട് ആദ്യം ദൈവവചനം കേൾക്കണം, തുടർന്ന് ക്രിസ്തുവിനെ വ്യക്തിപരമായി അറിയണം. അറിഞ്ഞ സത്യത്തെ ഹൃദയത്തിൽ സ്വീകരിച്ച് അനുസരിക്കണം. ദൈവം ആരാണെന്ന് അറിയുന്നതോടൊപ്പം മനുഷ്യൻ പാപത്തിൽ വീണിരിക്കുന്നവനാണെന്നും അറിയുക. സ്വന്തനീതിയാലോ നല്ല പ്രവൃത്തികളാലോ പാപത്തിന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ മനുഷ്യന് കഴികയില്ല. ക്രിസ്തുവിനെക്കുറിച്ചും രക്ഷയെക്കുറിച്ചും പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയിരിക്കുന്ന സത്യങ്ങൾ മനസ്സിലാക്കുക.

സുവിശേഷം പാപികളോടുള്ള ദൈവത്തിന്റെ കൃപയുടെ സുവാർത്തയാണ്. പാപക്ഷമയെക്കുറിച്ചും ഹൃദയപരിവർത്തനത്തെക്കുറിച്ചും ദൈവികകുടുംബത്തിലേക്കുള്ള ദത്തെടുപ്പിനെക്കുറിച്ചും ക്രിസ്തുവിൽ ലഭിക്കുന്ന എണ്ണമറ്റ അനുഗ്രഹങ്ങളെക്കുറിച്ചും സുവിശേഷം നമ്മോടു പറയുന്നു. യേശുക്രിസ്തു ദൈവപുത്രനും മനുഷ്യരുടെ രക്ഷകനും പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാണ് എന്നറിയുക. പാപിയെയും വിശുദ്ധനായ ദൈവത്തെയും തമ്മിൽ അനുരഞ്ജിപ്പിക്കുന്ന ഏകമദ്ധ്യസ്ഥനും ഏകരക്ഷകനുമാണ് ക്രിസ്തു. ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മ രുചിച്ചറിഞ്ഞ് ക്രിസ്തു എന്ന തലയോളം വളരുക. വിശേഷാൽ നമുക്കുവേണ്ടി അവിടുന്ന് കാൽവറി ക്രൂശിൽ നമ്മുടെ ശിക്ഷ വഹിക്കുവാൻ സ്വയം യാഗമായി അർപ്പിച്ചതറിയുക. രക്ഷയുടെ പ്രസക്തഭാഗം ഈ സത്യത്തിലാണ്:

മനുഷ്യരുടെ ലംഘനങ്ങളെ അവരുടെമേൽ കണക്കിടാതെ, ദൈവം ക്രിസ്തുവിൽക്കൂടെ ആയിരുന്നു തന്നോടു നിരപ്പിച്ചത് (2 കൊരിന്ത്യർ 5:19). യേശു നമുക്കുവേണ്ടി ശാപമായിത്തീർന്നു(ഗലാത്യർ 3:13). നാം ശിക്ഷിക്കപ്പെടേണ്ടിടത്ത് നമ്മുടെ പകരക്കാരനായി യേശു ശിക്ഷിക്കപ്പെട്ടു. നാം വഹിക്കേണ്ട പാപഭാരം യേശു വഹിച്ചു. നമുക്ക് നേടാൻ കഴിയാത്ത നീതി ക്രിസ്തുവിലൂടെ ദാനമായി നൽകി. നാം അവനിൽ ദൈവത്തിന്റെ നീതിയായിത്തീരേണ്ടതിന്, പാപം അറിയാത്തവനെ ദൈവം നമുക്കുവേണ്ടി പാപമാക്കി (2 കൊരിന്ത്യർ 5:21). ഇതാണ് പകരക്കാരനായുള്ള ക്രിസ്തുവിന്റെ യാഗത്തിന്റെ മഹത്തായ സത്യം. കുറ്റബോധത്താൽ ഭാരപ്പെട്ടിരിക്കുന്ന പാപിക്ക് ഇതിലും മധുരമുള്ള വാർത്ത എന്തുണ്ട്? പാപം എത്ര വലുതായാലും, ക്രിസ്തുവിന്റെ കൃപ അതിലും വലുതാണ്. അതിനാൽ വിശ്വാസം തിരുവെഴുത്തിന്റെ അറിവിൽ ആരംഭിക്കുന്നു.

**2. അറിഞ്ഞ സത്യം അംഗീകരിക്കുക:**

സുവിശേഷം കേൾക്കുന്നതുകൊണ്ടുമാത്രമോ ക്രിസ്തുവിനെക്കുറിച്ച് അറിഞ്ഞതുകൊണ്ടു മാത്രമോ

രക്ഷ ലഭിക്കുന്നില്ല. ആ സത്യം ഹൃദയപൂർവ്വം അംഗീകരിക്കണം. ദൈവം ഉണ്ടെന്നും, ആത്മാർത്ഥമായി തന്നെ അന്വേഷിക്കുന്നവരുടെ പ്രാർത്ഥന കേൾക്കുന്നുവെന്നും സുവിശേഷം ദൈവത്തിൽനിന്നുള്ളതാണെന്നും അംഗീകരിക്കുക. ഇവയെല്ലാം ദൈവം നേരിട്ട് വെളിപ്പെടുത്തിയ ഉറപ്പുള്ള സത്യങ്ങളാണ്. ഒരാൾ യേശുവിനെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും ബുദ്ധികൊണ്ട് സമ്മതിച്ചാലും, അതുകൊണ്ട് മാത്രം അവൻ രക്ഷിക്കപ്പെട്ടവനാകുന്നില്ല എന്നത് ഏറെ ശ്രദ്ധേയമാണ്. ഭൂതങ്ങൾക്കുപോലും യേശു ആരാണെന്ന് അറിയാമായിരുന്നു. അതുകൊണ്ട് ക്രിസ്തുവിനെക്കുറിച്ചുള്ള അറിവും സത്യത്തിന്റെ ബൗദ്ധിക അംഗീകാരവും മാത്രം രക്ഷിക്കുന്ന വിശ്വാസമല്ല. ഹൃദയം ക്രിസ്തുവിലേക്കു തിരിയണം. ദൈവത്തിന്റെ പ്രിയപുത്രനായ യേശുക്രിസ്തുവിന്റെ രക്തം സകലപാപവും പോക്കി വിശ്വസിക്കുന്നവരെ ശുദ്ധീകരിക്കുന്നു എന്ന സത്യം അംഗീകരിക്കണം (1 യോഹന്നാൻ 1:7). മനുഷ്യന്റെ രക്ഷയ്ക്കായി ക്രിസ്തു ചെയ്ത പ്രവൃത്തി പൂർണ്ണമെന്ന് വിശ്വസിക്കുക. ക്രിസ്തുവിൽ വിശ്വസിക്കുന്നവന് ശിക്ഷാവിധിയില്ലെന്ന ദൈവത്തിന്റെ വാഗ്ദാനം സത്യമാണ്. നാം മനുഷ്യരുടെ സാക്ഷ്യം വിശ്വസിക്കുന്നുവെങ്കിൽ, ദൈവത്തിന്റെ സാക്ഷ്യം അതിലും വലുതല്ലേ? അതുകൊണ്ട് സുവിശേഷത്തിന്റെ സത്യത്തെ സംശയിച്ചുകൊണ്ട് അകന്നുനിൽക്കരുത്. എന്നാൽ ഇതുകൊണ്ടും വിശ്വാസം പൂർണ്ണമാകുന്നില്ല.

**3. ഏകരക്ഷകനായ ക്രിസ്തുവിൽ മാത്രം ആശ്രയിച്ച് സമർപ്പിക്കുക:**

കൃപയാലുള്ള അറിവും വിശ്വാസവും നിങ്ങളെ രക്ഷയുടെ വാതിൽക്കൽ എത്തിക്കുന്നു. രക്ഷിക്കുന്ന വിശ്വാസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘട്ടമാണിത്. ക്രിസ്തുവിൽ ആശ്രയിച്ച് കൃപയുടെ സുവിശേഷത്തിൽ പ്രത്യാശ വയ്ക്കുക. മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത രക്ഷകനായ യേശുവിൽ ആത്മാവിനെ ഭരമേൽപ്പിക്കുക. സഭാംഗത്വം, പ്രാർത്ഥന, ദാനധർമ്മം എന്നിവയെ രക്ഷയുടെ അടിസ്ഥാനം ആക്കരുത്. ക്രിസ്തുവിൽ മാത്രം ആശ്രയിക്കുക. ക്രിസ്തുവിന്റെ പാപപരിഹാരയാഗത്തിലും പൂർണ്ണനീതിയിലും വാഗ്ദാനങ്ങളിലും ആശ്രയിക്കുക. വിശ്വാസത്തിന്റെ ജീവരക്തമാണ് ആശ്രയം. അതില്ലാതെ രക്ഷിക്കുന്ന വിശ്വാസമില്ല. ഒരു വസ്തുവിൽ മുഴുഭാരവും ഏൽപ്പിച്ച് ചാരിക്കിടക്കുക എന്ന ആശയമാണ് സമർപ്പണത്തിനുള്ളത്. അതിന്റെ അർത്ഥം എത്ര മനോഹരമാണ്! അതിലും ശക്തമായ ഒരു ചിത്രം അവതരിപ്പിച്ചാൽ യുഗങ്ങളുടെ പാറയായ ക്രിസ്തുവിൽ വിശ്രമിക്കുക. അതായത് അനുതപിച്ച് പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് കൈവകൃപയിലും കർത്താവിലും മാത്രം ആശ്രയിച്ച് അനുദിനശുദ്ധീകരണവും ആത്മികവർദ്ധനയും പ്രാപിക്കുവാൻ സജ്ജമാക്കുന്നതാണ് രക്ഷിക്കുന്ന വിശ്വാസം.

വിശ്വാസം അന്ധമായതോ വെറും സങ്കൽപ്പമോ അല്ല; അത് ദൈവം വെളിപ്പെടുത്തിയ സത്യവും പ്രായോഗികവും ആണ്. അത് ഇഹത്തിലും മരണാനന്തരവുമുള്ള ജീവിതം ക്രിസ്തുവിലർപ്പിക്കുന്നതാണ്. അതുകൊണ്ട് വിശ്വാസം എന്നത് ക്രിസ്തു ആരാണെന്ന് തിരുവെഴുത്ത് പറയുന്നതുപോലെ അംഗീകരിക്കുകയും താൻ വാഗ്ദാനം ചെയ്തതു ഉറപ്പിക്കുകയും ചെയ്യുന്നതാണ്. യേശു ദൈവപുത്രനാണ്. അവൻ നമ്മുടെ പാപഭാരം വഹിച്ചു. പാപത്തിന് പരിഹാരം വരുത്തി നിത്യനീതി കൊണ്ടുവന്നു. യേശു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റു. ഇപ്പോൾ അവിടുന്ന് സദാ നമുക്കായി പക്ഷവാദം ചെയ്യുന്നു. തനിക്കായി കാത്തുനിൽക്കുന്നവരെ ചേർക്കുവാൻ വീണ്ടും വരും. ഇവയെല്ലാം ദൈവത്തിന്റെ സാക്ഷ്യമാണ്. പിതാവായ ദൈവം പറഞ്ഞു: 'ഇവൻ എന്റെ പ്രിയപുത്രൻ; ഇവനു ചെവികൊടുപ്പീൻ'. പരിശുദ്ധാത്മാവ് തിരുവെഴുത്തുകളിലൂടെയും അത്ഭുതങ്ങളിലൂടെയും മനുഷ്യഹൃദയങ്ങളിൽ നിവർത്തിക്കുന്ന പ്രവൃത്തികളിലൂടെയും ക്രിസ്തുവിനെക്കുറിച്ച് സാക്ഷ്യം വഹിക്കുന്നു. അതുകൊണ്ട് ദൈവത്തിന്റെ സാക്ഷ്യം വിശ്വസിക്കുക.

അവിടുന്ന് പാപക്ഷമ, നീതീകരണം, സംരക്ഷണം, നിത്യജീവൻ എന്നിവ വാഗ്ദാനം ചെയ്തിരിക്കുന്നു. എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളയുകയില്ല എന്ന് യേശുവിന്റെ വാഗ്ദാനത്തിനു മാറ്റമില്ല. അതുകൊണ്ട് ഞാൻ ക്രിസ്തുവിൽ ആശ്രയിക്കും. ഇതായിരിക്കണം ഓരോരുത്തരുടെയും വ്യക്തിപരമായ തീരുമാനമാകേണ്ടത്. നിത്യജീവന്റെ പ്രത്യാശ ക്രിസ്തുവിൽ മാത്രം ലഭ്യമാണ്. എന്നെ രക്ഷിക്കുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന കൈകളിൽ ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു എന്നതാണ് രക്ഷിക്കുന്ന വിശ്വാസം. നിങ്ങൾക്ക് ഇതുവരെ ക്രിസ്തുവിൽ ഇവ്വിധം വിശ്വാസം ഉണ്ടായിട്ടില്ലെങ്കിൽ, ക്രിസ്തുവിനെക്കുറിച്ച് അറിവ് നേടുന്നതിൽ മാത്രം തൃപ്തിപ്പെടരുത്. സത്പ്രവൃത്തികളിലും മതപരമായ അനുഷ്ഠാനങ്ങളിലും ആശ്രയിക്കാതെ ക്രിസ്തുവിൽ മാത്രം ആശ്രയിച്ച് കാൽവറിയിലെ ഏകപരമയാഗത്താൽ ലഭ്യമാകുന്ന നിത്യജീവൻ സ്വായത്തമാക്കുക. •



ജോൺ പോൾ, പാലത്തിങ്കൽ

# ക്ഷമ
# പ്രോത്സാഹനത്തിന്റെ ജീവരേഖ

**നി**ങ്ങൾ എപ്പോഴെങ്കിലും പഴങ്ങൾ, അവ നന്നായി പഴുക്കുന്നതിന് മുമ്പ് പറിച്ചിട്ടുണ്ടോ? ഒരുപക്ഷേ അതിന്റെ തിളക്കമുള്ള നിറമോ, വായുവിലൂടെ സഞ്ചരിക്കുന്ന മധുരമുള്ള ഗന്ധമോ നിങ്ങളെ ആകർഷിച്ചിരിക്കാം. എന്നാൽ നിങ്ങൾ പറിച്ച പഴം ആദ്യം കടിച്ചപ്പോൾ പ്രതീക്ഷിച്ചതുപോലെ പഴുത്തില്ലെന്ന് നിങ്ങൾ മനസ്സിലാക്കി. ഒറ്റനോട്ടത്തിൽ എല്ലാം ശരിയാണെന്ന് അഥവാ പഴുത്തുപാകമായെന്നു തോന്നി, പക്ഷേ, എന്തോ അതിന്റെ ശരി തനിമ അതിലുണ്ടായിരുന്നില്ല!

ഇവിടെ 'സമയം' ഒരു പ്രത്യേക ഘടകമാണ്. ഫലം പറിക്കുന്ന ലളിതമായ പ്രവൃത്തിപോലും സമയത്തെയും, ക്ഷമയെയും, അഥവാ കാത്തിരിപ്പിനേയും, ആശ്രയത്തെയും കുറിച്ച് നമ്മെ പഠിപ്പിക്കുന്നു. 'സഹോദരങ്ങളെ, കർത്താവിന്റെ പുനരാഗമനം വരെ ദീർഘക്ഷമയോടെ ഇരിക്കുക. ഭൂമി നൽകുന്ന മെച്ചമായ വിളവിനായി മുന്മഴയും പിന്മഴയും പ്രതീക്ഷിച്ചുകൊണ്ട് എത്ര ക്ഷമയോടെയാണ് ഒരു കർഷകൻ കാത്തിരിക്കുന്നത്? നിങ്ങളും ദീർഘക്ഷമയോടിരിക്കുവീൻ, നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവീൻ, കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു.' (യാക്കോബ് 5:7,8)

പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ, ക്രിസ്തുമാർഗ്ഗത്തിലേക്ക് പരിവർത്തനം ചെയ്ത, വിവിധ പ്രദേശങ്ങളിലായി ചിതറിപ്പാർക്കുന്ന, യഹൂദന്മാരുടെ ഒരു സമൂഹത്തിനാണ് എഴുത്തുകാരനായ യാക്കോബ് ഈ വാക്കുകൾ തന്റെ ലേഖനത്തിൽ എഴുതിയത്. പുതുതായി കണ്ടെത്തിയ വിശ്വാസം കാരണം ഈ ആദിമ ക്രിസ്ത്യാനികൾ പീഡനവും എതിർപ്പും ഉൾപ്പെടെ നിരവധി പരീക്ഷണങ്ങളെ നേരിട്ടു. ക്ഷമയോടെ കാത്തിരിക്കാനും സഹിക്കാനുമുള്ള യാക്കോബിന്റെ ആഹ്വാനം ഒരു പേജിലെ വെറും വാക്കുകളേക്കാൾ കൂടുതലായിരുന്നു. പ്രതികൂല സാഹചര്യങ്ങളുടെ നടുവിൽ അവർ പ്രത്യാശയുടെയും പ്രോത്സാഹനത്തിന്റെയും ഒരു ജീവരേഖയായിരുന്നു.

യഹൂദന്മാരായ ആദ്യകാല വിശ്വാസികൾ പരീക്ഷണങ്ങളെ നേരിട്ടതുപോലെ, ക്രിസ്തീയ യാത്രയിൽ നമുക്കും വെല്ലുവിളികളും കഷ്ടപ്പാടുകളും നേരിടേണ്ടിവരും. അവരെപ്പോലെ, നമുക്കും ക്ഷമയുടെ മാർഗ്ഗം തിരഞ്ഞെടുക്കാം. ജീവിതത്തിന്റെ ഏത് സീസണിലും ആത്മാവിന്റെ ഫലം പാകമാകാൻ അനുവദിക്കുക. 'ആത്മാവിന്റെ

ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം, ഈ വകയ്ക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല' (ഗലാത്യർ 5:22, 23). ഈ ഫലങ്ങളിൽ ചിലതു ധ്യാനിക്കാം.

നാം ദൈവപുത്രനിലൂടെ ജീവൻ പ്രാപിക്കേണ്ടതിനാണ് ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത്. ഇങ്ങനെ ദൈവം തന്റെ സ്നേഹം ആദ്യം നമുക്ക് വെളിപ്പെടുത്തി (1 യോഹന്നാൻ 4:9). ദൈവസ്നേഹം വെളിപ്പെടുത്തുവാൻ സ്വർഗ്ഗമഹിമകൾ വെടിഞ്ഞ് തന്നെത്താൻ ശൂന്യനാക്കി, സ്രഷ്ടാവായ ദൈവം സൃഷ്ടി എന്ന നിലയിൽ മനുഷ്യജന്മമെടുത്തു. ഇവിടെ ആരംഭിക്കുന്ന ത്യാഗം തന്റെ ജീവിതത്തിലുടനീളം വെളിപ്പെടുത്തി. സർവ്വശക്തൻ ഒരു ബലഹീനനെപ്പോലെ സ്വന്തജനത്തിന്റെ നിന്ദയ്ക്കും ആക്ഷേപത്തിനും അവഗണനയ്ക്കും പരിഹാസത്തിനും ആത്യന്തികമായി തകർക്കപ്പെടുന്നതിനും സ്വയം ഏല്പിച്ചുകൊടുത്തു. തുല്യം ചൊല്ലുവാനില്ലാത്ത നമ്മോടുള്ള ദൈവസ്നേഹം ഇങ്ങനെ വെളിപ്പെടുത്തി. നിങ്ങളുടെ ഹൃദയത്തിൽ ദൈവസ്നേഹം നിറയട്ടെ, പരിശുദ്ധാത്മാവിന്റെ സന്തോഷം നിറയട്ടെ, ദൈവീക സമാധാനം നിറയട്ടെ. അത് നിറഞ്ഞ് മറ്റുള്ളവരിലേക്ക് ഒഴുകട്ടെ. യേശു പറഞ്ഞത് ഓർക്കുക: 'എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്തു പറയുന്നതു പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും...' (യോഹന്നാൻ 7:38). വാസ്തവമായ സ്നേഹവും, ശരിയായ സന്തോഷവും, ലോകത്തിന് ഒരിക്കലും കൊടുക്കാൻ കഴിയാത്ത സമാധാനവും എന്തെന്നു പോലും അറിയാതെ കഴിയുന്ന ഒത്തിരിപേർ നമുക്ക് ചുറ്റുമുണ്ട്.

ഹൃദയപൂർവ്വം ക്ഷമിക്കുക, ദീർഘമായി ക്ഷമിക്കുക എന്നു തിരുവെഴുത്തു പറയുന്നു. സ്നേഹത്തിന്റെ ബഹിർസ്ഫുരണം ആകുന്നു ക്ഷമ. രക്താംബരം പോലെ കടുംചുമപ്പായിരുന്ന നമ്മുടെ പാപങ്ങളെ ഹിമം പോലെ വെണ്മയാക്കിയ ദൈവത്തിന്റെ ക്ഷമയാണ് നമ്മിലും ഉളവാകേണ്ടത്. കാൽവറിയെ ധ്യാനിക്കുന്നതിലൂടെയാണ് ക്ഷമയുടെ ഉറവ നമ്മിൽ തുറക്കപ്പെടുന്നത്. ക്ഷമിക്കാനുള്ള കഴിവും കരുണയും ദയയും നമ്മിൽ വളരട്ടെ.

ക്രിസ്തു, എത്രത്തോളം വിശ്വസ്തനും വിനീതനും താഴ്മയുള്ളവനും ആയിരുന്നു എന്ന് ആ

**സ്നേഹത്തിന്റെ ബഹിർസ്ഫുരണം ആകുന്നു ക്ഷമ. രക്താംബരം പോലെ കടുംചുമപ്പായിരുന്ന നമ്മുടെ പാപങ്ങളെ ഹിമം പോലെ വെണ്മയാക്കിയ ദൈവത്തിന്റെ ക്ഷമയാണ് നമ്മിലും ഉളവാകേണ്ടത്.**

ഴത്തിലറിയുമ്പോൾ മാത്രമാണ് തന്റെ ഉത്തമമാതൃക പിൻപറ്റുവാനും ഈ വിശിഷ്ടഗുണങ്ങൾ നമ്മിലുളവായി വളരുവാനും ഇടയാകുന്നത്. ഇന്ദ്രിയങ്ങൾ നമ്മെയല്ല, നാം ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്ന വിധമായിരിക്കട്ടെ നമ്മുടെ ജീവിതം. ക്രിസ്തുവിൽ കാണപ്പെട്ട വിശ്വസ്തതയും വിനയവും നമ്മിൽ വളരട്ടെ. ചെറിയ കാര്യങ്ങളിൽ പോലും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിന് നമ്മെ വിധേയപ്പെടുത്താം. ഇത് അനുഭവവേദ്യമാകുമ്പോൾ നമ്മുടെ സ്വഭാവം പരിപക്വമാകും, വിശ്വാസവും ആശ്രയവും ആഴത്തിലാകും. ദൈവവുമായുള്ള ബന്ധം സങ്കൽപ്പിക്കാൻ കഴിയുന്നതിനേക്കാൾ മധുരമുള്ളതും ആഴമേറിയതും ആയിത്തീരും. തീർച്ചയായും നാം മറ്റുള്ളവർക്ക് ഒരു അനുഗ്രഹമായിരിക്കും. അതിലൂടെ സ്വർഗ്ഗത്തിലെ നമ്മുടെ പിതാവിന്റെ നാമം മഹത്വപ്പെടും.

ചില സമയങ്ങളിൽ ക്ഷമിക്കുന്നതും ദൈവത്തിലാശ്രയിക്കുന്നതും എളുപ്പമാണ്. മറ്റു ചിലപ്പോൾ അത് ദുഷ്ക്കരമായിത്തോന്നാം. ഇവിടെയാണ് എത്ര ആഴത്തിലാണ് ആശ്രയിക്കുന്നവരെ ദൈവകൃപ സഹായിക്കുന്നതെന്ന് അനുഭവവേദ്യമാവുക. എന്തായാലും, അവസാനംവരെ നാം ക്ഷമയോടെ കാത്തിരിക്കേണ്ടതുണ്ട്. രണ്ട് കാര്യങ്ങൾ ഏതുസമയത്തും സംഭവിക്കാം. നമ്മുടെ ശാരീരിക മരണം, അല്ലെങ്കിൽ തനിക്കായി ഒരുങ്ങി കാത്തുനിൽക്കുന്നവരെ ചേർക്കുവാൻ കർത്താവിന്റെ രണ്ടാം വരവ്. ഇന്നും നാം എല്ലാവരിലും, ക്ഷമ എപ്പോഴും സ്ഥിരോത്സാഹത്തിന്റെയും ശക്തിയുടെയും ഫലം പുറപ്പെടുവിക്കുന്നു. വ്യക്തിപരമായി നിങ്ങളിലും! •

# അത്യല്പത്തിൽ പോലും വിശ്വസ്തരായിരിക്കണം

**എ**ന്തെങ്കിലും തുടങ്ങിവെച്ചാൽ അത് നന്നായി പൂർത്തീകരിക്കണം എന്ന താൽപ്പര്യമാണ് എല്ലാവർക്കും ഉള്ളത്. നന്നായി തുടങ്ങുക, ശരിയായി ചെയ്യുക, നല്ല പൂർത്തീകരണത്തിന് ഇതു രണ്ടും അനിവാര്യമാണ്. നമ്മുടെ ക്രിസ്തീയ ജീവിതത്തെ മൊത്തമായി കണ്ടാൽ, കർത്താവിനോടു ചേരുന്ന നാളിലാണ് അതിന്റെ പൂർത്തീകരണം. അതിനെ ലക്ഷ്യം വച്ചുള്ള നമ്മുടെ പ്രയാണത്തെ ഓട്ടമായും, യുദ്ധമായും, അധ്വാനമായും, ഫലം കായ്ക്കുന്ന വൃക്ഷമായും ഒക്കെ കണ്ട് അവയോടു തുലനം ചെയ്തു ചിന്തിക്കാനാവും. ഇവയ്ക്കെല്ലാം ഉണ്ട് തുടക്കവും ഒടുക്കവും. “നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികയ്ക്കും” (ഫിലിപ്പിയർ 1:4) എന്നാണല്ലോ വചനം. നാം തുടങ്ങുന്നു എന്നതിലുപരി ദൈവം നമ്മിൽ തുടങ്ങുന്നു എന്നതാണ് ഈ വാക്യപ്രകാരം ശരി. നമ്മുടെ സഹകരണവും ആഗ്രഹവും ഇല്ലാതെ നമ്മിൽ എന്തെങ്കിലും അടിച്ചേല്പിക്കുന്നതല്ലല്ലോ ദൈവത്തിന്റെ ശൈലി. ദൈവം നമ്മിൽ തുടങ്ങുവാനും നമ്മിലൂടെ ചെയ്യുവാനും ആഗ്രഹിക്കുന്നവ നിറപടിയായി നിവർത്തിക്കപ്പെടേണ്ടതിനായി നമുക്ക് സമർപ്പിക്കാം.

അവസാനം ഉള്ളതുപോലെ എല്ലാറ്റിനും ഒരു ആരംഭവുമുണ്ട്. ‘തുടക്കം നന്നായാൽ പാതി പൂർത്തിയായി’ എന്നൊരു ചൊല്ലുണ്ട്. എന്നുവെച്ച് ആകർഷകമായ ഒരു തുടക്കത്തിനു പിന്നാലെയുള്ള നിഷ്ക്രിയത്വം ഫലം ചെയ്യില്ല എന്നു പറയേണ്ടതില്ലല്ലോ. ഉത്സാഹപൂർവ്വമായ നല്ല തുടക്കം പ്രസരിപ്പിനെയും, നിശ്ചയദാർഢ്യത്തെയും ഒക്കെ സൂചിപ്പിക്കുന്നു. അമിതാവേശത്തിൽ കാര്യമില്ല, നന്നായി ആലോചിച്ചും, പ്രാർഥിച്ചും, പദ്ധതി തയ്യാറാക്കിയും വേണം എന്തും തുടങ്ങാൻ. അല്ലെങ്കിൽ പാതി വഴി പോലും എത്തിയില്ലെന്നു വരാം.

രക്ഷിക്കപ്പെട്ട ഒരു ദൈവപൈതലിന് കർത്താവിന്റെ വരവിനായും തുടർന്ന് അനന്തകാലം കർത്താവിനോടൊപ്പം വസിക്കേണ്ടതിനായും, ഒരുങ്ങുവാനാണ് ജീവിതത്തിന്റെ നാളുകൾ ദൈവം നൽകിയിരിക്കുന്നത്. ചെയ്യരുത് എന്ന് വചനം പറയുന്ന കാര്യങ്ങൾ ചിന്തയിലോ ജീവിതത്തിലോ നമ്മെ പരാജയപ്പെടുത്താതവണ്ണം ചെയ്യാതിരിക്കാൻ ജാഗ്രതയുള്ളവരായിരിക്കണം. അതുപോലെതന്നെ ചെയ്യണം എന്ന് പറയുന്ന കാര്യങ്ങൾ ഒന്നൊന്നായി പൂർത്തീകരിക്കുവാൻ ദൃഢനിശ്ചയത്തോടെ സ്ഥിരമാനസരായി, ക്രിസ്തുവിലുള്ള ഏകാഗ്രതയോടും നിർമ്മലതയോടും കൂടെ കൃപയിലാശ്രയിച്ചു മുന്നേറണം.

ഇങ്ങനെ നിത്യതയ്ക്കായി നമുക്കൊരുങ്ങാം. ഒരു ശുഭാന്ത്യം മുന്നിൽ കാണണം. നാം യജമാനന്റെ സന്തോഷത്തിൽ പ്രവേശിക്കുവാനുള്ളവരാകയാൽ (മത്തായി 25:21) തിരുമുമ്പിൽ അത്യല്പത്തിൽ പോലും വിശ്വസ്തരായിരിക്കണം. അത് ശുഭതുറമുഖത്തേക്ക് നമ്മെ നയിക്കും.

**വി**ശ്വാസവും അനുതാപവും ഒന്നിച്ചു നടക്കേണ്ട കാര്യങ്ങളാണ്. ഇവയിൽ ഏതെങ്കിലും ഒന്നുകൊണ്ടു മാത്രം കാര്യമില്ല. ഈ വഴിയേ പോകാതെ ദൈവരാജ്യം ഒരിക്കലും കാണാനാവില്ല. **ഡി.എൽ. മൂഡി**

**ത**ന്റെ പ്രിയപ്പെട്ട സൃഷ്ടിയെ നരകശക്തികൾക്ക് വിട്ടുകൊടുക്കുവാൻ സ്വർഗ്ഗീയപിതാവ് ഒരുക്കമായിരുന്നില്ല. അതുകൊണ്ട്, ലോകം സൃഷ്ടിക്കപ്പെടുന്നതിനുമുമ്പുതന്നെ, തന്റെ സ്നേഹഹൃദയത്തിൽനിന്ന് പൂർണ്ണമായി ഉരുത്തിരിഞ്ഞ ഒരു വീണ്ടെടുപ്പുപദ്ധതി അവിടുന്ന് ആവിഷ്കരിച്ചു. ഇതായിരുന്നു പുതിയ ഉടമ്പടി സ്ഥാപിച്ചതിന്റെ ദൈവത്തിന്റെ ഉദ്ദേശ്യം. **ഡേവിഡ് വിൽക്കേഴ്സൺ**



അനു ഗ്രേസ് ചാക്കോ



# മുറിവേൽപ്പിക്കാതെയുള്ള തിരുത്തലുകൾ

മക്കളെ വളർത്തുക എന്നത് അവർക്ക് ഭക്ഷണവും വസ്ത്രവും വിദ്യാഭ്യാസവും നൽകുന്നതിൽ മാത്രം ഒതുങ്ങുന്നില്ല. അവരുടെ സ്വഭാവവും വിശ്വാസവും ജീവിതവീക്ഷണവും രൂപപ്പെടുത്തുക എന്ന മഹത്തായ ഉത്തരവാദിത്തവും മാതാപിതാക്കൾക്കുണ്ട്. അതുകൊണ്ടുതന്നെ പൗലൊസിന്റെ വാക്കുകൾ ശ്രദ്ധേയമാണ്: 'നിങ്ങളുടെ മക്കളെ കോപിപ്പിക്കരുത്'. ഇത് മക്കളെ തിരുത്തരുത്, ശിക്ഷണം നൽകരുത് എന്നല്ല മറിച്ച്, തിരുത്തലും ശിക്ഷണവും അവരുടെ ഹൃദയത്തെ തകർക്കുന്ന രീതിയിലാകരുതെന്നാണ്. മാതാപിതാക്കളുടെ അധികാരം മക്കളെ അടിച്ചമർത്താനുള്ളതല്ല, അവരെ പക്വതയിലേക്ക് നയിക്കാനുള്ളതാണ്.

മക്കൾ തെറ്റുമ്പോൾ അവരെ തിരുത്തുക മാതാപിതാക്കളുടെ കടമയാണ്. എന്നാൽ തെറ്റായ പ്രവൃത്തിയെ തിരുത്തുന്നതും കുട്ടിയെത്തന്നെ ഒരു പരാജയമായി മുദ്രകുത്തുന്നതും രണ്ടാണ്. നീ ചെയ്ത കാര്യം അത്ര ശരിയായില്ല എന്നു പറയുന്നത് തിരുത്തലാണ്. 'നിന്നെ എന്തിനു കൊള്ളാം?' 'നീ തന്നെ ഒരു പരാജയമാണ്' എന്നൊക്കെ പറയുന്നത് വ്യക്തിത്വത്തെ മുറിപ്പെടുത്തുകയാണ്. ശിക്ഷണത്തിന്റെ ലക്ഷ്യം കുട്ടിയെ തോൽപ്പിക്കുക എന്നതല്ല, തെറ്റ് തിരിച്ചറിഞ്ഞ് മാറ്റത്തിലേക്ക് നയിക്കുക എന്നതാണ്. അവർ നിരാശപ്പെടാതിരിക്കേണ്ടതിന് തിരുത്തലിനിടയിലും കുട്ടിക്ക് പ്രതീക്ഷ അനുഭവപ്പെടണം. ഞാൻ തെറ്റ് ചെയ്തു, എങ്കിലും എന്റെ മാതാപിതാക്കൾ എന്നെ ഉപേക്ഷിച്ചിട്ടില്ല എന്ന ബോധ്യം.

ചെറുപ്പത്തിൽ മാതാപിതാക്കളുടെ നിർദ്ദേശവും നിയന്ത്രണവും ആവശ്യമാണ്. എന്നാലവർ വളരുന്നതിനനുസരിച്ച് ഉത്തരവാദിത്തവും തീരുമാനമെടുക്കാനുള്ള പരിശീലനവും അവസരവും നൽകണം. മക്കളെ ജീവിതകാലം മുഴുവൻ നിയന്ത്രിക്കുക എന്നതായിരിക്കരുത് മാതാപിതാക്കളുടെ ലക്ഷ്യം. ശരിയും തെറ്റും തിരിച്ചറിയാനും വിവേകത്തോടെ തീരുമാനങ്ങളെടുക്കാനും ദൈവത്തിലാശ്രയിച്ച് ഉത്തരവാദിത്തത്തോടെ ജീവിക്കാനും അവരെ പഠിപ്പിക്കുകയാണ് ലക്ഷ്യം. അമിതമായ നിയന്ത്രണം വിരോധം വളർത്തിയേക്കാം. സ്നേഹത്തോടെയുള്ള മാർഗ്ഗനിർദ്ദേശം പക്വതയിലേക്ക് നയിക്കും. അവർ വളർന്നശേഷവും വിവാഹിതരാകുമ്പോഴും, മാതാപിതാക്കളുടെ പങ്കും മാറുന്നു. അവർക്ക് സ്വന്തം കുടുംബവും തീരുമാനങ്ങളും ഉത്തരവാദിത്തങ്ങളും ഉണ്ടാകും. ആ ഘട്ടത്തിൽ മാതാപിതാക്ക

ളുടെ അനുഭവവും ഉപദേശവും വിലപ്പെട്ടതാണ്. എന്നാൽ നിയന്ത്രണം ആവശ്യമായിരിക്കണമെന്നില്ല. അവർ ആവശ്യപ്പെടുമ്പോൾ ഉപദേശം നൽകുക, പ്രയാസങ്ങളിൽ ഒപ്പം നിൽക്കുക, തെറ്റായ വഴിയിലേക്ക് പോകുമ്പോൾ സ്നേഹത്തോടെ മുന്നറിയിപ്പ് നൽകുക. ഇവയാണ് മാതാപിതാക്കളുടെ പക്വമായ ബന്ധത്തിന്റെ അടയാളങ്ങൾ. മക്കളുടെ കുടുംബജീവിതത്തിലെ ഓരോ കാര്യത്തിലും ഇടപെടുന്നത് ബന്ധത്തിൽ അകലം സൃഷ്ടിച്ചേക്കാം. മക്കൾ വളർന്നാലും അവർ നമ്മുടെ മക്കളാണ്. എന്നാൽ അവരുടെ ജീവിതത്തിൽ മാതാപിതാക്കളുടെ സ്ഥാനം നേർവഴിയിലേക്ക് നയിക്കുന്നവരുടേതായി മാറണം.

മക്കൾ നമ്മെ ഭയപ്പെടണോ, വിശ്വസിക്കണോ? ഒരു കുട്ടി തെറ്റ് ചെയ്യുമ്പോൾ അവന്റെ മനസ്സിൽ ആദ്യം വരുന്നത് എന്തായിരിക്കും? അച്ഛൻ എന്നെ ശകാരിക്കും എന്നാണോ? അതോ, എനിക്ക് അച്ഛനോട് പറയാം എന്നാണോ? മാതാപിതാക്കളെ മക്കൾ ബഹുമാനിക്കണം. എന്നാൽ ആ ബഹുമാനം ഭയത്തിൽ നിന്നുളവായതാകരുത്. പരാജയങ്ങളും തെറ്റുകളും മാതാപിതാക്കളോടു തുറന്നു പറയാൻ കഴിയുന്ന സുരക്ഷിതമായ ബന്ധം അവർക്കുണ്ടാകണം. ഒരു മകനോ മകളോ ഞാൻ തെറ്റിപ്പോയി എന്നു പറയുമ്പോൾ ആദ്യം അവരെ ശ്രദ്ധയോടെ കേൾക്കുന്ന മാതാപിതാക്കളായിരിക്കണം നാം. തെറ്റു മറച്ചുവെക്കുന്ന കുട്ടിയേക്കാൾ, തെറ്റ് സമ്മതിച്ച് സഹായം തേടുന്ന കുട്ടിയാണ് സുരക്ഷിതൻ. ആ രീതിയിൽ മക്കളെ മാതാപിതാക്കൾ പരിശീലിപ്പിക്കണം.

മക്കൾ ചെറുപ്പമായിരിക്കുമ്പോൾ മാതാപിതാക്കളുടെ സ്നേഹവും പരിചരണവും അവർക്കാവശ്യമാണ്. എന്നാൽ കാലം കടന്നുപോകുമ്പോൾ മാതാപിതാക്കൾക്കും മക്കളുടെ സ്നേഹവും പരിചരണവും ആവശ്യമായി വരും. വാർദ്ധക്യത്തിൽ മാതാപിതാക്കളുടെ വലിയ സമ്പത്ത് പണമോ സ്വത്തോ മാത്രമല്ല, മക്കളുമായുള്ള സ്നേഹപൂർണ്ണമായ ബന്ധമാണ്. ഇന്ന് അവരുടെ ഹൃദയത്തിൽ നാം വിതയ്ക്കുന്ന സ്നേഹവും വിശ്വാസവും നാളത്തെ ബന്ധത്തിൽ ഫലം കായ്ക്കും. അതുപോലെ, നിരന്തരമായ കോപവും അപമാനവും അവഗണനയും നാളെകളിൽ ബന്ധത്തിൽ മുറിവുകളുടെ വിത്തുകളാകും. അതുകൊണ്ട് ബന്ധത്തിൽ വിള്ളൽ രൂപപ്പെടുന്നത് അനുവദിക്കാതെ മാതാപിതാക്കൾ പരുഷമായി സംസാരിച്ചിട്ടുണ്ടെങ്കിൽ അവർ മക്കളോട് ക്ഷമ ചോദിക്കണം. അവരുടെ വാക്കുകൾ അവഗണിക്കാതെ അവരെ ശ്രദ്ധിച്ചു കേൾക്കണം. അമിതമായി നിയന്ത്രിക്കാതെ തുറന്നു സംസാരിക്കാൻ അവരെ പ്രോത്സാഹിപ്പിക്കണം. സ്നേഹം പ്രകടിപ്പിക്കാൻ മടിച്ചിട്ടുണ്ടെങ്കിൽ അത് വാക്കുകളിലും പ്രവൃത്തികളിലും നിർല്ലോഭം പ്രകടിപ്പിക്കണം.

ചിലപ്പോൾ 'മകനേ, ഞാൻ നിന്നെ സ്നേഹിക്കുന്നു' എന്ന വാക്കിനും, 'മകളേ, നിനക്ക് എന്താണ് പറയാനുള്ളത്' എന്ന ചോദ്യത്തിനും അവരുടെ ഹൃദയത്തിന്റെ വാതിൽ തുറക്കാൻ കഴിയും. മക്കളെ കോപിപ്പിക്കാതെ വളർത്തുക എന്ന എഫെസ്യർ 6:4 ലെ പൗലൊസിന്റെ നിർദ്ദേശം വളരെ അർത്ഥവത്താണ്. തുടർന്ന് അദ്ദേഹം പറയുന്നു:'അവരെ കർത്താവിന്റെ ശിക്ഷണത്തിലും പ്രബോധനത്തിലും വളർത്തുവിൻ'. ഇവ രണ്ടും വേർപിരിക്കാനാവാത്തതാണ്. മക്കളെ കോപിപ്പിക്കാതെ വളർത്തുക എന്നത് അവരെ കയറൂരി വിടുക എന്നോ ശിക്ഷണം ഒഴിവാക്കുക എന്നോ അല്ല. സ്നേഹത്തോടെ തിരുത്തുക, ജ്ഞാനത്തോടെ ശിക്ഷിക്കുക, ക്ഷമയോടെ പഠിപ്പിക്കുക, അവരുടെ വ്യക്തിത്വത്തെ ബഹുമാനിക്കുക, കർത്താവിന്റെ വഴിയിൽ വളർത്തുക എന്നിങ്ങനെയാണ് അതിന്റെ അർത്ഥം.

അതിനാൽ ഇന്ന് നമുക്ക് സ്വയം ചോദിക്കാം: നമ്മുടെ മക്കൾ നമ്മോടൊപ്പം സുരക്ഷിതരാണോ? അവരുടെ പരാജയങ്ങൾ നമ്മോടു പറയാൻ കഴിയുമോ? നമ്മുടെ ശിക്ഷണത്തിൽ സ്നേഹം അവർ കാണുന്നുണ്ടോ? നമ്മുടെ വാക്കുകൾ അവരുടെ ഹൃദയത്തെ ബലപ്പെടുത്തുന്നുവോ? ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന മക്കളെ വളർത്തുന്നത് കേവലം ഒരു ഉത്തരവാദിത്തം മാത്രമല്ല, വളർത്തി ദൈവത്തിനു തിരിച്ചേൽപ്പിക്കുന്ന ഒരു വിശുദ്ധ നിയോഗവുമാണ്. അവർ വളർന്ന് കാണാമറയത്ത് നമ്മിൽ നിന്നും ദൂരെയാകുമ്പോഴും അവരുടെ ഹൃദയത്തിൽ നാം വിതച്ച വാക്കുകളും സ്നേഹവും വിശ്വാസവും ഏറെക്കാലം അവരോടൊപ്പം ഉണ്ടാകും. അതിനാൽ ഇന്ന് അവരെ നമുക്ക് സ്നേഹത്തോടെ വളർത്താം, ശ്രദ്ധയോടെ കേൾക്കാം, തിരുത്തുമ്പോഴും അവരുടെ ഹൃദയത്തെ മുറിവേൽപ്പിക്കാതെ പ്രോത്സാഹനം നൽകി സുരക്ഷിതരായി സംരക്ഷിക്കാം.

•



അജി മാത്യു, ഉഗാണ്ട

# ദുരിതത്തിന്റെ നടുവിൽ ക്രിസ്തുവിന്റെ മുഖം

(ഒരു മിഷനറിയുടെ കണ്ണിലൂടെ സുവിശേഷവും മനുഷ്യന്റെ അന്തസ്സും)

2001ൽ ആദ്യമായി ബീഹാറിൽ കാലുകുത്തിയപ്പോൾ, ഒരു സംസ്ഥാനത്തെയല്ല, ഒരു ജീവിതത്തെയായിരുന്നു ഞാൻ കണ്ടത്. ഇന്ത്യയുടെ ഏറ്റവും പുരാതന നാഗരികതകളിലൊന്നായ ഈ മണ്ണ് ബുദ്ധന്റെയും മഹാവീരന്റെയും നളന്ദയുടെയും ചരിത്രം പേറുന്നു. ഗംഗയും(Ganga )കോസിയും(Kosi)ഗണ്ഡക്കും(Gandak)ബാഗ്മതിയും(Bagmati) മഹാനന്ദയും (Mahananda) ഒഴുകുന്ന ഫലഭൂയിഷ്ഠമായ ഭൂമി. എന്നാൽ ഈ അനുഗ്രഹിക്കപ്പെട്ട മണ്ണിന്റെ മറ്റൊരു മുഖം എന്നെ ആഴത്തിൽ സ്പർശിച്ചു. പ്രകൃതിദുരന്തങ്ങളോടും ദാരിദ്ര്യത്തോടും പോരാടുന്ന ലക്ഷക്കണക്കിന് സാധാരണ മനുഷ്യരുടെ ജീവിതം.

**വെള്ളപ്പൊക്കത്തോടൊപ്പം ജീവിക്കുന്ന ജനത**

വടക്കൻ ബീഹാറിൽ അവരുടെ നാട്ടിലെ മഴയെക്കാൾ ആളുകൾ ഭയപ്പെട്ടിരുന്നത് നേപ്പാളിലെ മഴയെയായിരുന്നു. ഹിമാലയത്തിൽ മഴ ശക്തമായാൽ കോസി, ഗണ്ഡക്, ബാഗ്മതി, കമല, മഹാനന്ദ തുടങ്ങിയ നദികൾ കരകവിഞ്ഞൊഴുകും. മണിക്കൂറുകൾക്കുള്ളിൽ ഗ്രാമങ്ങൾ വെള്ളത്തിനടിയിലാകും. വീടുകൾ തകരും, കൃഷി നശിക്കും. കുടുംബങ്ങൾ റോഡരികിലേക്ക് കുടിയേറും. ഞാൻ പ്രവർത്തിച്ചിരുന്ന കതിഹാർ ജില്ലയിലെ ബെൽവ ഗ്രാമവും ഇത്തരത്തിലുള്ള ദുരിതങ്ങളിൽ നിന്ന് ഒഴിവായിരുന്നില്ല. വെള്ളപ്പൊക്കം വന്നാൽ ഞങ്ങളുടെ സ്കൂൾ പോലും വെള്ളത്തിനടിയിലാകുമായിരുന്നു.

അന്ന് ഗ്രാമങ്ങളിലെ റോഡുകൾ വളരെ മോശമായിരുന്നു. സൈക്കിളും ട്രാക്ടറുമായിരുന്നു പ്രധാന യാത്രാമാർഗ്ഗങ്ങൾ. ദുരന്തനിവാരണ സംവിധാനങ്ങളും ദുരിതാശ്വാസ ക്യാമ്പുകളും പലപ്പോഴും പര്യാപ്തമല്ലായിരുന്നു. ദേശീയ മാധ്യമങ്ങളുടെ ശ്രദ്ധ അധികം ലഭിക്കാതെ, വർഷം തോറും അതേ ദുരിതം ആവർത്തിക്കുന്ന ഒരു ജനതയെ ഞാൻ കണ്ടു. എന്നാൽ വെള്ളപ്പൊക്കം മാത്രമായിരുന്നില്ല അവരുടെ ശത്രു. ശൈത്യകാലത്ത് കൊടുംതണുപ്പ്. ചൂടുള്ള വസ്ത്രമോ കമ്പിളിപ്പുതപ്പോ ഇല്ലാതെ വൈക്കോൽ കൂട്ടിയിട്ട് അതിന്മേൽ കിടന്ന് രാത്രി കഴിക്കുന്ന കുടുംബങ്ങളെ ഞാൻ കണ്ടിട്ടുണ്ട്. വേനൽക്കാലത്ത് കത്തുന്ന സൂര്യനും പൊടിപടലങ്ങളും സൂര്യാഘാതവും മറ്റൊരു ദുരിതമായി മാറും. എന്നിട്ടും ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ അവർ അധ്വാനിച്ചുകൊണ്ടിരുന്നു.

അപ്പോഴാണ് ഞാൻ മിഷനെ വീണ്ടും വായിക്കാൻ തുടങ്ങിയത്. ഈ യാഥാർത്ഥ്യങ്ങളുടെ നടുവിൽ ഒരു ചോദ്യം എന്നെ പിന്തുടർന്നു. ഇത്തരം സാഹചര്യങ്ങളിൽ സഭയുടെ ദൗത്യം എന്താണ്? ഈ ചോദ്യത്തിന് ഉത്തരം എനിക്ക് ക്ലാസ് മുറികളിൽ നിന്ന് ലഭിച്ചില്ല. ബീഹാറിലെ

ഗ്രാമങ്ങളാണ് അത് പഠിപ്പിച്ചത്. യേശുവിന്റെ ശുശ്രൂഷയെ വീണ്ടും വായിച്ചപ്പോൾ ഞാൻ ഒരു കാര്യം ശ്രദ്ധിച്ചു. അവൻ ദൈവരാജ്യം പ്രസംഗിച്ചു. എന്നാൽ പ്രസംഗിക്കുക മാത്രമല്ല ചെയ്തത്. വിശക്കുന്നവർക്ക് ഭക്ഷണം നൽകി, രോഗികളെ സൗഖ്യമാക്കി, കരയുന്നവരോടൊപ്പം കരഞ്ഞു, സമൂഹം മാറ്റിനിർത്തിയവരെ ചേർത്തുപിടിച്ചു. അപ്പോൾ എനിക്ക് മനസ്സിലായി കരുണയില്ലാത്ത സുവിശേഷം യേശുവിന്റെ സുവിശേഷമല്ല.

**മറക്കാനാവാത്ത ഒരു രാത്രി**

ഡിസംബർ മാസത്തിലെ കൊടുംതണുപ്പുള്ള ഒരു രാത്രിയിൽ ഒരാൾ ഓടിവന്ന് ഒരു കുടുംബം മരണാസന്നരാണെന്ന് പറഞ്ഞു. അവിടെ എത്തിയപ്പോൾ കോളറ ബാധിച്ച് പ്രായമായ ഒരു അമ്മയും ഒരു യുവതിയും അഞ്ചു കുഞ്ഞുങ്ങളും മരണത്തോട് മല്ലിടുകയായിരുന്നു. ആ സ്ത്രീയുടെ ഭർത്താവ് ഉപജീവനത്തിനായി പഞ്ചാബിലായിരുന്നു. ബീഹാറിലെ ആയിരക്കണക്കിന് കുടുംബങ്ങളുടെ യാഥാർത്ഥ്യം അതായിരുന്നു. ആദ്യം ഞങ്ങൾ പ്രാർത്ഥിച്ചു. പക്ഷേ അതുകൊണ്ട് മാത്രം മതിയാകില്ലെന്ന് മനസ്സിലായി. സ്കൂളിലെ സൈക്കിൾ റിക്ഷയിൽ അവരെ രാത്രിയിൽ തന്നെ പതിനെട്ട് കിലോമീറ്റർ അകലെയുള്ള ആശുപത്രിയിലെത്തിച്ചു. പിറ്റേന്ന് ഗ്രാമത്തിൽ നിന്ന് സഹായം ശേഖരിച്ച് ചികിത്സ തുടരാൻ കഴിഞ്ഞു. ദൈവത്തിന്റെ വലിയ കൃപയാൽ ആ കുടുംബത്തിലെ എല്ലാവരും ജീവൻ വീണ്ടെടുത്തു. അന്ന് നല്ല ശമര്യക്കാരന്റെ അനുഭവം വായിച്ചിരുന്നത് 'ഞാൻ ജീവിച്ചു.'

**വിശദീകരിക്കാനാവാത്ത ദൈവിക പരിപാലനം**

വെള്ളപ്പൊക്കം വന്നാൽ സ്കൂളിലെ ഡെസ്കുകൾ കൂട്ടിവെച്ച് അതിന്മേലായിരുന്നു എന്റെ ഉറക്കം. ഒരു രാത്രി ശരീരത്തിൽ എന്തോ സ്പർശിക്കുന്നതായി തോന്നി. അടുത്ത് കിടന്നിരുന്ന ടോർച്ചായിരിക്കുമെന്നാണ് കരുതിയത്. രാവിലെ എഴുന്നേറ്റപ്പോൾ എന്റെ കട്ടിലിനരികിൽ ഒരു വലിയ പാമ്പ് കിടക്കുന്നത് കണ്ടു. അപ്പോഴാണ് ടോർച്ച് എന്റെ കൈയിലല്ലായിരുന്നുവെന്ന് മനസ്സിലായത്. ആ പാമ്പ് എന്നെ ഉപദ്രവിക്കാതെ വെള്ളത്തിലേക്ക് മടങ്ങിപ്പോയി. ആ സംഭവം ഇന്നും ഞാൻ ഒരു അത്ഭുതകഥയായി പറയുന്നില്ല. എന്നാൽ ദൈവത്തിന്റെ സംരക്ഷണം പലപ്പോഴും നമ്മുടെ ബോധ്യത്തിനപ്പുറം പ്രവർത്തിക്കുന്നു എന്ന സത്യം അത് എന്നെ പഠിപ്പിച്ചു.

**ദൈവപ്രവൃത്തി മനുഷ്യയുക്തിക്കതീതം**

ദൈവം എല്ലായ്പ്പോഴും നമ്മുടെ യുക്തിപോലെ പ്രവർത്തിക്കണമെന്നില്ല. ഒരു ദിവസം കടുത്ത പനിയും മൂക്കടപ്പുമായി ഞാൻ ഗ്രാമങ്ങളിലൂടെ സൈക്കിളിൽ യാത്ര ചെയ്യുകയായിരുന്നു. ട്രാക്ടർ കടന്നുപോയപ്പോൾ പൊടി മുഴുവൻ എന്റെ മുഖത്തേക്ക് അടിച്ചു. 'ഇനി രോഗം കൂടും,' എന്നായിരുന്നു എന്റെ ചിന്ത. പക്ഷേ യാത്ര കഴിഞ്ഞപ്പോൾ പനിയും മൂക്കടപ്പും മാറിയിരുന്നു. ആ ചെറിയ സംഭവം പോലും ഒരു വലിയ ആത്മീയ സത്യം വീണ്ടും ഓർമ്മിപ്പിച്ചു. ദൈവത്തിന്റെ പ്രവർത്തനങ്ങളെ നമ്മുടെ യുക്തിയുടെ പരിധിക്കുള്ളിൽ ഒതുക്കാനാവില്ല.

**ബീഹാർ എന്നെ പഠിപ്പിച്ച ഏറ്റവും വലിയ പാഠം**

പലരും ബീഹാറിനെ ദാരിദ്ര്യത്തിന്റെ നാടായി കാണുന്നു. ഞാൻ ബീഹാറിനെ കരുത്തുറ്റ മനുഷ്യരുടെ നാടായാണ് കണ്ടത്. പലരും അതിനെ ദുരിതത്തിന്റെ കഥയായി വായിക്കുന്നു. ഞാൻ അതിനെ ദൈവകൃപയുടെ കഥയായാണ് വായിച്ചത്. ബീഹാർ എന്നെ കഷ്ടപ്പാടുകൾ സഹിക്കാനല്ല മറിച്ച്, ജീവിതത്തിൽ ദുരിതമനുഭവിക്കുന്ന മനുഷ്യരുടെ നടുവിൽ ക്രിസ്തുവിനെ കണ്ടെത്താൻ പഠിപ്പിച്ചു. അപ്പോഴാണ് പത്രോസിന്റെ വാക്കുകൾ എന്റെ ജീവിതത്തിൽ പുതിയ അർത്ഥം നേടിയത്. 'ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും. ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടിവന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ; മഹത്വത്തിന്റെ ആത്മാവായ ദൈവാത്മാവു നിങ്ങളുടെമേൽ ആവസിക്കുന്നുവല്ലോ' (1 പത്രോസ് 4:13,14)

ആ കഷ്ടങ്ങൾ എന്റെ മഹത്വത്തിനായിരുന്നില്ല. അവ എന്റെ വിശ്വാസത്തെ ഉറപ്പിക്കാനും, ക്രിസ്തുവിന്റെ ഹൃദയം മനസ്സിലാക്കാനും ദൈവം നൽകിയ കൃപയായിരുന്നു. ഇന്ന് ബീഹാറിനെ ഓർക്കുമ്പോൾ എന്റെ മനസ്സിൽ ആദ്യം വരുന്നത് വെള്ളപ്പൊക്കമോ തണുപ്പോ ചൂടോ, പൊടിയോ, തകർന്ന റോഡുകളോ അല്ല. ആ ദുരിതങ്ങളുടെ നടുവിലും തന്റെ ജനത്തെ, കൈവിടാതെ കൂടെ നടന്ന ക്രിസ്തുവിനെയാണ്. •

**ബെഞ്ചമിൻ വർഗീസ്**

# തലമുറകളെ ഓർത്ത്

***'യെരൂശലേം പുത്രിമാരേ, എന്നെച്ചൊല്ലി കരയേണ്ട; നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരയുവിൻ.'(ലൂക്കോസ് 23:28).***

**നീ**ണ്ട യാത്രയുടെ പൊടിപടലങ്ങളേറ്റ കഴുതകളുമായെത്തിയ കച്ചവടക്കാരാണ് ആ ദുരന്തവാർത്ത പെല്ലയിലെത്തിച്ചത്: 'യെരൂശലേം വീണു, ദൈവാലയം അഗ്നിക്കിരയായി'. വീടുകളിൽ സന്ധ്യാദീപങ്ങൾ തെളിഞ്ഞപ്പോഴേക്കും ആ വാർത്ത കാട്ടുതീപോലെ പെല്ലാ നഗരമെങ്ങും പടർന്നു. മരുമകളിൽനിന്നാണ് ശലോമി അതറിഞ്ഞത്. വിറയ്ക്കുന്ന ചുണ്ടുകളോടെ അവളത് പറയുമ്പോൾ, ശലോമി സ്തബ്ധയായി. ഒരക്ഷരം മിണ്ടാതെ അവൾ മുറ്റത്തേക്കിറങ്ങി. മൂന്നുവർഷം മുമ്പ് മകൻ എലയാസർ നട്ട ഒലിവുമരത്തിനരികിൽ നിന്ന്, പടിഞ്ഞാറൻ ചക്രവാളത്തിലെ കറുത്ത കുന്നിൻനിരകളിലേക്ക് അവൾ കണ്ണുനട്ടു.

പിന്നിൽനിന്നുയർന്ന കുഞ്ഞുകാലടിയൊച്ചയാണ് അവളുടെ ചിന്ത മുറിച്ചത്. പന്ത്രണ്ടുകാരനായ തോബിയ ഭയത്തോടെ ഓടിയെത്തി. 'മുത്തശ്ശീ.. കിണറ്റിൻകരയിൽ നിൽക്കുന്നയാൾ പറയുന്നത് സത്യമാണോ? നഗരം പുകഞ്ഞുയരുകയാണെന്നും പുരോഹിതന്മാരെല്ലാം കൊല്ലപ്പെട്ടെന്നും...' അവൾ തന്റെ കൈകൾ അവനുനേരെ നീട്ടി. അവൻ ഭയത്തോടെ അരികിലേക്ക് ഒതുങ്ങിനിന്നു. 'നമ്മളവിടെ ഉണ്ടായിരുന്നെങ്കിൽ കൊല്ലപ്പെട്ടേനെ, അല്ലേ? നമ്മളെങ്ങനെയാ ഇങ്ങോട്ട് പോന്നത്? 'അവന്റെ ചോദ്യത്തിന് അവനുദ്ദേശിച്ചതിലും ആഴമുണ്ടായിരുന്നു. 'ഇവിടെയിരിക്ക് മക്കളേ,' അവൾ തോളോടു ചേർത്തുപിടിച്ചു. 'നമ്മളെങ്ങനെ ഇവിടെയെത്തിയെന്ന് ഞാൻ പറഞ്ഞുതരാം. പക്ഷെ കഥ തുടങ്ങുന്നത് ഈ യുദ്ധത്തിലല്ല; നിന്റെ അബ്ബാ ഒരു കൊച്ചുപൈതലായിരുന്ന കാലത്താണ്.' അവന്റെ പേടിച്ചരണ്ട കണ്ണുകളിലേക്ക് നോക്കുമ്പോൾ, പെട്ടെന്ന് അവളുടെ മനസ്സ് നാല്പത് വർഷം പിന്നിലേക്ക്, യേശു ഭൂമിയിൽ തന്റെ പരസ്യ ശുശ്രൂഷ ചെയ്തിരുന്ന അക്കാലയളവിലേക്കു സഞ്ചരിച്ചു.

**ഗാഗുൽത്തായിലേക്കുള്ള വഴി:** നസ്രായനായ യേശുവിനെ ക്രൂശിക്കാൻ കൊണ്ടുപോയ ആ പ്രഭാതം. തെരുവിലെ ബഹളംകേട്ടാണ് അവളും പുറത്തേക്കിറങ്ങിയത്. റോമാക്കാരുടെ ഭരണത്തിൻ കീഴിൽ യെരൂശലേമിന് സുപരിചിതമായ നിലവിളികളായിരുന്നു അവിടെയെങ്ങും.

മുമ്പ് ഒരിക്കൽ ദൈവാലയപ്രാകാരത്തിൽവെച്ച് യേശു ശാന്തമായി പഠിപ്പിക്കുന്നത് അവൾ കേട്ടിട്ടുണ്ട്. രോഗികളെ സൗഖ്യമാക്കുന്നതും അശരണരെ ചേർത്തുപിടിക്കുന്നതും അധികാരത്തോടെ ഉപദേശിക്കുന്നതും നീചപാപികളെ ആത്മരക്ഷയിലേക്കു നയിക്കുന്നതും അങ്ങനെ ഹൃദയത്തിൽ പതിഞ്ഞ ഒരുപാടു അസാധാരണ സംഭവങ്ങൾ! എന്നാൽ ഇന്ന്, ചാട്ടവാറടിയേറ്റ മുതുകും ഭാരമേറിയ കുരിശുമായി യേശു തളർന്നുവീഴുന്നു. കണ്ടുനിന്ന അവളുടെ കണ്ണുകൾ തുളുമ്പി; അത് വെറുമൊരു കാഴ്ചക്കാരിയുടെ ഭയചകിതമായ കരച്ചിലായിരുന്നില്ല, ഉള്ളുനൊന്തുള്ള വിലാപമായിരുന്നു. മുമ്പോട്ടു നീങ്ങിയ അവൾ വിയർപ്പും ചോരയും ഒന്നിച്ചു ചാലിച്ചൊഴുകുന്ന അവന്റെ മുഖം കണ്ടു. അവൻ പെട്ടെന്ന് നിന്നു. തിരിഞ്ഞ്, കരയു

ന്ന സ്ത്രീകളെ നോക്കി സംസാരിച്ചു. അത്രയും തളർന്നൊരു മനുഷ്യനിൽനിന്നുയരുമെന്ന് പ്രതീക്ഷിക്കാത്ത വ്യക്തതയോടെ ഇടിമുഴക്കം പോലെ ആ ശബ്ദം മുഴങ്ങി: 'യെരൂശലേം പുത്രിമാരേ, എന്നെച്ചൊല്ലി കരയേണ്ട; നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരയുവിൻ. മക്കളില്ലാത്തവരും പ്രസവിക്കാത്ത ഉദരങ്ങളും പാലൂട്ടാത്ത മുലകളും ഭാഗ്യമുള്ളവർ എന്ന് ആളുകൾ പറയുന്ന കാലം വരുന്നു. പച്ചമരത്തോട് അവർ ഇതു ചെയ്യുന്നെങ്കിൽ, ഉണങ്ങിയതിന് എന്തായിരിക്കും ഭവിക്കുക?'*(ലൂക്കോസ് 23:27-31).*

പടയാളികൾ അവനെ തള്ളിനീക്കി. ജനക്കൂട്ടം തലയോടിടത്തിലേക്ക് ഇരമ്പിയൊഴുകി. എന്നാൽ ശലോമി തരിച്ചിരുന്നുപോയി. മരണത്തിലേക്ക് പോകുന്ന ഒരാൾ എന്തിനാണ് എന്നെ ഓർത്ത് സങ്കടപ്പെടുന്നത്? അവൻ തന്നെ നോക്കിയാണത് പറഞ്ഞതെന്ന് അവൾക്കുറപ്പായിരുന്നു. എത്ര കൃത്യമായ കാര്യമാണത്! ദൈവത്തെ വേദനിപ്പിക്കുന്ന നമ്മുടെയും നമ്മുടെ തലമുറകളുടെയും ജീവിതം ഓർത്തു അനുതാപത്തോടെയും തകർന്നും നുറുങ്ങിയുമുള്ള ഹൃദയത്തോടെയും കണ്ണുനീരോടെ നിലവിളിക്കയാണ് നാം ചെയ്യേണ്ടുന്ന കാര്യം. യേശുവിന്റെ വാക്കുകൾ വരാനിരിക്കുന്ന ഏതോ വലിയൊരു ആപത്തിനെക്കുറിച്ചുള്ള സൂചനയായിട്ടാണ് അവൾ ഗ്രഹിച്ചത്.

കുറെക്കാലം കഴിഞ്ഞാണ് വിശ്വാസികളുടെ ചെറിയ കൂട്ടായ്മയിലേക്ക് ശലോമി വന്നെത്തിയത്. വഴിയിൽ കണ്ട ആ മനുഷ്യൻ ഉയിർത്തെഴുന്നേറ്റു എന്ന് ഉറച്ചുവിശ്വസിച്ച നിമിഷം മുതൽ, അന്ന് അവൻ പറഞ്ഞത് മരണവെപ്രാളത്തിലെ വാചകങ്ങളല്ല, വലിയൊരു പ്രവചനവും മുന്നറിയിപ്പുമാണെന്ന് അവൾക്ക് വ്യക്തമായി. അതോടെ അവളുടെ കണ്ണീരിന്റെ ദിശ മാറി. അവൾ അന്ന് ആ വഴിയിൽ വെച്ച് യേശുവിനെച്ചൊല്ലിയാണ് കരഞ്ഞതെങ്കിൽ, പിന്നീട് ഓരോ പ്രഭാതത്തിലും വീടിന്റെ മൺതറയിൽ മുട്ടുമടക്കി അവൾ കരഞ്ഞത് സ്വന്തം കുടുംബത്തിനായാണ്. തന്നിൽ വേരൂന്നിയ ആ വിശ്വാസം മക്കളിലും അതേ ആഴത്തിൽ നിലനിൽക്കണമേ എന്ന പ്രാർത്ഥനയോടെ.

കാലം കടന്നുപോയി. തുടർന്നുവന്ന വർഷങ്ങളിൽ യെരൂശലേം സമൃദ്ധമായി വളർന്നു. ഹെരോദാവിന്റെ ദൈവാലയം പ്രൗഢിയോടെ തിളങ്ങിനിന്നു. കൂറ്റൻ കരിങ്കൽ മതിലുകൾ കണ്ട് മനുഷ്യർ ആശ്വാസം കൊണ്ടു. എന്നാൽ ശലോമിക്ക് ആശ്വാസം തോന്നിയില്ല. 'ഉണങ്ങിയ മരത്തിന് എന്തു സംഭവിക്കും' എന്ന ചോദ്യം അവളുടെ ഉള്ളിൽ മുഴങ്ങിക്കൊണ്ടേയിരുന്നു.

'നീയെന്തിനാ ഇത്ര അനാവശ്യമായി ആകുലപ്പെടുന്നത്? 'അയൽക്കാരിയായ ഹന്നാ ചോദിക്കാറുണ്ടായിരുന്നു. 'നമ്മുടെ നഗരം എത്ര സുരക്ഷിതമാണ്! ന്യായപ്രമാണവും ദൈവാലയവും നമുക്കുണ്ടല്ലോ.' 'അങ്ങനെയായിരിക്കാം ഹന്നാ, എങ്കിലും എനിക്ക് യേശുവിന്റെ ആ വാക്കുകൾ നൽകുന്നതിലും വലിയൊരു ഉറപ്പ് ഈ കരിങ്കൽ മതിലുകൾക്ക് തരാനാവില്ല,' ശലോമി ശാന്തമായി മറുപടി നൽകി.

ഏറ്റവും കഠിനമായ പരീക്ഷണം മകൻ എലയാസറായിരുന്നു. യൗവ്വനത്തിൽ റോമൻ ഭരണത്തോടുള്ള പക അവനിൽ രഹസ്യവിപ്ലവ ചിന്തകളായി വളർന്നു. അവനോട് തർക്കിക്കുന്നതിനു പകരം ശലോമി പ്രാർത്ഥനയിൽ മുട്ടുകുത്തി: 'കർത്താവേ, മക്കളെച്ചൊല്ലി കരയാൻ നീയല്ലേ പറഞ്ഞത്. എന്റെ പ്രാർത്ഥന വെറുതെയാകരുതേ.' പ്രാർത്ഥനയോടൊപ്പം കൂട്ടായ്മയിൽ നിന്നും പഠിച്ചത് സ്വന്തജീവിതത്തിൽ പ്രയോഗികമാക്കി. ക്രൂശകരോട് ക്ഷമിക്കണമേ എന്ന് അതിവേദനയാൽ പുളയുമ്പോഴും പ്രാർത്ഥിച്ച യേശുവിന്റെ നിസ്തുല സ്നേഹം അവൾ ഗ്രഹിക്കുകയും മകനിലേക്ക് പകർന്നു നൽകുകയും ചെയ്തു. പതുക്കെ, റോമൻ ഭരണത്തോടുള്ള ആ കയ്പ് മകനിൽനിന്നൊഴിഞ്ഞുപോയി; അവൻ അമ്മയോടൊപ്പം വിശ്വാസത്തിന്റെ പാതയിലേക്ക് മടങ്ങി വന്നു.

യേശുവിന്റെ വാക്കുകൾ അവളോട് മാത്രമായിരുന്നില്ല, മറിച്ച് അന്നും ഇന്നും എന്നും ജീവിക്കുന്ന എല്ലാ തലമുറകളോടും ഉള്ളതായിരുന്നു. ഇന്ന് ജീവിക്കുന്ന നാം ഇത് ഏറ്റെടുക്കുമോ? വഷളത്തം കൊടുങ്കാറ്റു പോലെ ആഞ്ഞടിക്കുന്ന ഈ തലമുറയിൽ നമ്മെയും നമ്മുടെ തലമുറകളെയും ഓർത്തു കരയുന്നില്ലെങ്കിൽ ഭവിഷ്യത്ത് അതി ഭീകരമായിരിക്കും. നിസ്സംഗതയോടെ ലോകസുഖങ്ങളാസ്വദിച്ച് ജീവിക്കുവാനുള്ളതാണോ ദൈവം നൽകിയ നമ്മുടെ ഈ കൊച്ചുജീവിതം. ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഗ്രഹിച്ച് നമുക്ക് മുന്നേറാം

●



ഷീല ദാസ്



# അരുണോദയം പോലെ ശോഭയുള്ളവൾ

***അരുണോദയം പോലെ ശോഭയും ചന്ദ്രനെപ്പോലെ സൗന്ദര്യവും സൂര്യനെപ്പോലെ നിർമ്മലതയും കൊടികളോടു കൂടിയ സൈന്യം പോലെ ഭയങ്കരത്വവും ഉള്ളോരിവൾ ആർ? (ഉത്തമഗീതം 6:10).***

ഇസ്രായേലിന്റെ മധുരഗായകനും വീരപരാക്രമിയും യുദ്ധവീരനും ആരാധനാതല്പരനുമായ ദാവീദ് രാജാവിന്റെ പത്താമത്തെ പുത്രനും ഇസ്രായേലിന്റെ മൂന്നാമത്തെ രാജാവുമായിരുന്നു ശലോമോൻ. പരിശുദ്ധാത്മാവ് തന്റെ തൂലികയിൽ സ്വർഗ്ഗീയപ്രേരണയാൽ നൽകിയ അതിമനോഹരമായ പ്രേമഗീതം ആണ് ഉത്തമഗീതം. തിരുഹൃദയത്തിൽ മറഞ്ഞിരുന്ന പുതിയനിയമ ഇസ്രയേലാകുന്ന ദൈവസഭയുടെയും സഭയുടെ കാന്തനും ആത്മമണവാളനുമായ യേശുക്രിസ്തുവിന് തന്റെ കാന്തയാകുന്ന സഭയോടുള്ള സ്നേഹത്തിന്റെ പ്രദർശനവുമാണ് ഇവിടെ കാണുന്നത്.

പലസ്തീൻനാടിന്റെ വടക്ക് യിസ്സാഖാർ ഗോത്രത്തിന്റെ അവകാശഭൂമിയായിരുന്ന ശൂലേം എന്ന സ്ഥലത്താണ് ശൂലേമി ജീവിച്ചത്. ദരിദ്രരേഖയ്ക്ക് താഴെ സ്ഥിതി ചെയ്തിരുന്ന തന്റെ കുടുംബത്തിന്റെ ഉദ്ധാരണത്തിനു വേണ്ടി രാപ്പകൽ കഷ്ടപ്പെട്ട തന്റെ അമ്മ, നാരകത്തിൻ ചുവട്ടിൽ വെച്ചാണ് അവളെ പ്രസവിച്ചത്. പാരമ്പര്യത്തിന്റെയും പദവികളുടെയും വേലിക്കെട്ടിൽ അമർന്ന് അന്ധകാരത്തിന്റെ പടുകുഴിയിൽ ആണ്ടുപോയ ജീവിതമായിരുന്നു ശൂലേമിയുടേത്. ബഹുവിധ പ്രശ്നങ്ങളാൽ തളർന്ന ശൂലേമി ഒരു രാത്രിയിൽ പ്രാണപ്രിയനെ അന്വേഷിച്ചു. വാതിൽക്കൽ വന്ന് തന്റെ ജീവിതത്തിന്റെ നിയന്ത്രണമേറ്റെടുക്കാൻ, 'മുട്ടിക്കൊണ്ടിരുന്ന പ്രിയന്റെ ശബ്ദം' കേട്ട് ഉരുകിയ ഹൃദയവുമായി പ്രിയനുവേണ്ടി ജീവിക്കാൻ അവൾ ആഗ്രഹിച്ചു. സ്വർഗ്ഗീയ ദർശനം പ്രാപിച്ച് ഇറങ്ങിത്തിരിച്ച സഭയുടെ നിഴലായ, ശൂലേമിയെ നമ്മുടെ ആത്മീയ വളർച്ചയുടെ പുരോഗതിക്കായി ശ്രദ്ധിക്കുന്നത് പ്രയോജനപ്രദമാണ്.

എന്നാൽ രാജാവായ ശലോമോൻ ഒരിക്കൽ അവിചാരിതമായി അവളെക്കണ്ടപ്പോൾ അവളിലാകൃഷ്ടയായി തന്നെ വശീകരിച്ചു കൊട്ടാരത്തിൽ എത്തിച്ച് ഭാര്യയാക്കുവാൻ ശ്രമിക്കുന്നു. അവൾ അതിനു വശപ്പെടാതിരുന്നപ്പോൾ അവളുടെ രക്തബന്ധത്തിലുള്ള സഹോദരങ്ങൾ പോലും അവൾക്കെതിരായി (1:6). ലോകത്തോട് അനുരൂപരായിരുന്ന യെരുശലേംപുത്രിമാർ ശൂലേമിയെ പരിഹസിക്കുവാനും നിന്ദിക്കുവാനും പിന്തിരിപ്പിക്കുവാനും ആവോളം ശ്രമിച്ചു. കൊട്ടാരത്തിന്റെ മനോഹാരിതയിലേക്ക് മനസ്സ് തി

രിക്കുവാൻ യെരുശലേം പുത്രിമാർ ഒരുപാട് നിർബന്ധിച്ചു. കറുത്തവൾ ആണെന്ന് പറഞ്ഞ് അവളെ ആക്ഷേപിച്ചു. ഒരു വിധത്തിലും അവളെ പിന്തിരിപ്പിക്കാൻ കഴിയില്ല എന്ന് കണ്ടപ്പോൾ, അവർ അവളോട് ചോദിച്ച ചോദ്യം 'സ്ത്രീകളിൽ അതിസുന്ദരി ആയുള്ളോവേ, നിന്റെ പ്രിയന് മറ്റു പ്രിയന്മാരെക്കാൾ എന്ത് വിശേഷത ഉള്ളൂ?'

അവൾ പറയുന്നു: 'എന്റെ പ്രിയനോ, അവൻ വെണ്മയും ചുമപ്പും ഉള്ളവൻ, പതിനായിരങ്ങളിൽ അതിശ്രേഷ്ഠൻ'. ശലോമോൻ രാജാവിനെ ലോകത്തോടും, കറുത്ത ശൂലേമിയെ മണവാട്ടിയോടും, അവൾ സ്നേഹിച്ച ഇടയ ബാലനെ ക്രിസ്തുവിനോടും ഉപമിച്ചിരിക്കുന്നു. ലോകമെത്ര സ്വാധീനിച്ചാലും ക്രിസ്തുവിനെ കണ്ടെത്തിയ ഒരു വ്യക്തി ലോകത്തിന്റെ പിറകെ പോകില്ല. 'കണ്ടാൽ ആളല്ല എന്ന് തോന്നുമാറ് വിരൂപനായി ത്തീർന്ന' യേശുക്രിസ്തുവിനെ ഉൾക്കൊള്ളാൻ കഴിയാത്ത ആർക്കും അവന്റെ മഹത്വം മനസ്സിലാക്കാൻ കഴികയില്ല. കഷ്ടതകളും പ്രതികൂലങ്ങളും ജീവിതത്തിൽ വരുമ്പോഴും യേശുക്രിസ്തുവിനെ തള്ളിപ്പറയാതെ, ലോകഇമ്പങ്ങളിൽമുങ്ങിപ്പോകാതെ ജീവിക്കുന്ന സത്യഭക്തൽക്കായി ദൈവത്തിനു സ്തോത്രം. ക്രിസ്തുവിന്റെ സൗന്ദര്യത്തിൽ ആകർഷിക്കപ്പെട്ടവർക്ക് മണവാളനെ വിട്ടുമാറാൻ കഴിയില്ല.

ആരെല്ലാം ആക്ഷേപിച്ചാലും ദൈവത്തിന്റെ സഭയാം മണവാട്ടി അതിസുന്ദരി തന്നെയാണ്. അവൾക്ക് ഇത്ര സൗന്ദര്യം വരുവാൻ കാരണം കാന്തൻ തന്നെ. വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിച്ച തന്റെ കാന്തയ്ക്കുവേണ്ടി ക്രിസ്തു തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുന്നു. ഈ മനോഹര സംഭവം ആണ് ഉത്തമഗീതത്തിൽ പ്രതിപാദിക്കുന്നത്. എത്ര ശ്രമിച്ചിട്ടും യെരുശലേം പുത്രിമാർക്ക് ശൂലേമിയെ ശലോമോനിലേക്ക് കൊണ്ടുപോകാൻ കഴിഞ്ഞില്ല. എന്നാൽ തന്റെ പ്രിയനെക്കുറിച്ചുള്ള വർണ്ണന കേട്ടപ്പോൾ യെരുശലേം പുത്രിമാർ അവളിലേക്ക് തിരിഞ്ഞു. സുവിശേഷത്തിന്റെ ശബ്ദം മൂലം ഇന്ന് എതിർത്തു നിൽക്കുന്നവർ നാളെ നമ്മോടൊപ്പം ചേരും. സുവിശേഷീകരണത്തിന്റെ പിന്നിലെ പ്രേരകഘടകം ഇതാണ്.

ഉത്തമഗീതം 6:10 ൽ യെരുശലേം പുത്രിമാർ ആശ്ചര്യപരമായി ചോദിക്കുന്ന ചോദ്യം

**ആരെല്ലാം ആക്ഷേപിച്ചാലും ദൈവത്തിന്റെ സഭയാം മണവാട്ടി അതിസുന്ദരി തന്നെയാണ്. അവൾക്ക് ഇത്ര സൗന്ദര്യം വരുവാൻ കാരണം കാന്തൻ തന്നെ. വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിച്ച തന്റെ കാന്തയ്ക്കുവേണ്ടി ക്രിസ്തു തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുന്നു. ഈ മനോഹര സംഭവം ആണ് ഉത്തമഗീതത്തിൽ പ്രതിപാദിക്കുന്നത്.**

ആണിത്. അരുണോദയം ഇരുട്ടിനെ ഇല്ലാതാക്കുന്നതുപോലെ, അനേകരെ തളച്ചിട്ടിരിക്കുന്ന പാപാന്ധകാരത്തിൽ നിന്ന് മണവാട്ടിയായി ഒരുക്കപ്പെടുവാനുള്ളവരെ വലിച്ചെടുത്ത് വെളിച്ചത്തിലാക്കുന്നു. ഇരുട്ടിൽ തപ്പിത്തടയുന്നവർ പ്രകാശം പ്രതീക്ഷിക്കുന്നതുപോലെ പാപത്താൽ കുഴയുന്ന ജീവിതങ്ങൾ വിടുതൽ പ്രാപിക്കുവാൻ സഭയുടെ വെളിച്ചത്തിനായി കാത്തിരിക്കുന്നു. മണവാട്ടിയുടെ സൗന്ദര്യം കവിഭാവനയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ചന്ദ്രന്റെ ശോഭയും തേജസ്സും ഒത്തിണങ്ങിയ ലാവണ്യം മണവാട്ടിയിൽ നിറഞ്ഞു നിൽക്കുന്നു. വിശുദ്ധിയിലും നിർമ്മലതയിലും സൂര്യനെ പോലെയാണ്. സഭയിൽ ആത്മീയ ചൂടും പ്രകാശവും ശക്തിയും അടങ്ങിയിരിക്കുന്നു. എല്ലാംകൊണ്ടും യഥാർത്ഥ ദൈവമക്കൾ ലോകത്തിന്റെ ഇരുട്ടകറ്റുന്ന വെളിച്ചങ്ങളാണ്.

കൊടികളോടുകൂടിയ സൈന്യം പോലെ ഭയങ്കരത്വമുള്ളവളാണ് മണവാട്ടി. ഇസ്രായേൽമക്കൾ മരുഭൂമിയിൽ പാളയം ഇറങ്ങിയപ്പോൾ സമാഗമന കൂടാരത്തിന്റെ ചുറ്റും കൂടാരം അടിച്ചിരുന്നു. അവരുടെ പാളയത്തിൽ കൊടി ഉയർത്തപ്പെട്ടിരുന്നു. സിംഹമുഖം, മനുഷ്യമുഖം, കാളമുഖം, കഴുകുമുഖം എന്നീ അടയാളങ്ങൾ ഉള്ള കൊടികളുമായി പാളയം അടിച്ചിരുന്നു. സിംഹമുഖം യേശു യഹൂദയിലെ സിംഹം ആണെന്നും അവൻ രാജാവായി പിറന്നവൻ ആണെന്നും വെളിപ്പെടുത്തുന്നു. മനുഷ്യമുഖം, മനുഷ്യപുത്രനായി പരിശുദ്ധാത്മാവിനാൽ ജഡമെടുത്ത് തിരുവെഴുത്തുകൾ പ്രകാരം

കന്യകയിൽ ജനിച്ച്, ലോകരക്ഷകനായി, പാപികളുടെ ഉദ്ധാരകനായി, സ്ത്രീയുടെ സന്തതിയായി ജനിച്ച യേശുക്രിസ്തുവിനെ കാണിക്കുന്നു. കാളമുഖം, യേശുവിന്റെ ദാസ്യത്വത്തെ, താഴ്മയെ, ശുശ്രൂഷയെ, യാഗത്തെ വെളിപ്പെടുത്തുന്നു. കഴുകുമുഖം, യേശു മരണത്തെയും പാതാളത്തെയും ലോകത്തെയും സാത്താന്യ ശക്തിയെയും ജയിച്ച് ഉയരങ്ങളിലേക്ക് കയറിപ്പോയ ദൈവത്വത്തെ കാണിക്കുന്നു. വിവിധ കൊടികളോടു കൂടിയ അനുഭവത്തിൽ ഗമിക്കുന്ന ക്രിസ്തുവിന്റെ മണവാട്ടി ഭയങ്കരത്വമുള്ളവൾ തന്നെയാണ്.

അതേ, ലോകത്തിൽ ക്രിസ്തുവിനു വേണ്ടി ജീവിതം സമർപ്പിച്ച ക്രിസ്തുവിന്റെ മണവാട്ടി സൗന്ദര്യമുള്ളവളും കൃപയുള്ളവളുമാണ്. ലോകം അംഗീകരിച്ചാലും തള്ളിക്കളഞ്ഞാലും അവൾ യേശുവിന്റെ മണവാട്ടിയാണ്. ഇന്ന് അവളുടെ സൗന്ദര്യം വേണ്ടതുപോലെ ലോകം മനസ്സിലാക്കുന്നില്ല. എന്നാൽ സഭയെ ആഴത്തിൽ നിഷ്കളങ്കമായി സ്നേഹിക്കുന്ന യേശു, കാന്തയായി ഒരുക്കപ്പെട്ട സഭയെ ചേർക്കാൻ വേഗം വരുന്നു. കഷ്ടതയും അപമാനവും നിന്ദയും സഹിച്ച് ക്രിസ്തുവിനു വേണ്ടി നിൽക്കാൻ തയ്യാറാകുന്ന മണവാട്ടി ഒരിക്കലും ലോകത്തിന്റെ പിന്നാലെ പോകില്ല. ലോകസുഖസൗകര്യങ്ങൾ ആകുന്ന പ്രതാപങ്ങൾ മോടിയോടുകൂടെ വന്നാൽ അവൾക്ക് അതു വേണ്ട. മണ്ണെപ്രതി മാണിക്യം വെടിയാതെ ക്രിസ്തുവിനു വേണ്ടി നിൽക്കുന്ന സകല വിശുദ്ധരും ക്രിസ്തുവിന്റെ മണവാട്ടിസഭയാണ്. സൗന്ദര്യവും ഭയങ്കരത്വവും അധികാരവും ഉള്ള ശ്രേഷ്ഠയായ മണവാട്ടിസഭയെ ചേർക്കുവാൻ, അതിശ്രേഷ്ഠനും ആത്മമണവാളനും സുന്ദരനുമായ കർത്താവ് വേഗത്തിൽ വരും. വിശുദ്ധിയിൽ തികഞ്ഞവളായ മണവാട്ടിയായി യേശുക്രിസ്തുവിനോടൊപ്പം എടുക്കപ്പെടുവാൻ നമുക്കൊരുങ്ങാം. അതിനു സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ. •

# ദൈവം ജീവിതത്തിന്റെ എല്ലാമെല്ലാം

വചനാനുസരണം ക്രിസ്തുകേന്ദ്രീകൃതമായ ജീവിതം കെട്ടിപ്പടുക്കുന്നതാണ് നമ്മെക്കുറിച്ചുള്ള ദൈവഹിതം. സ്വാർത്ഥതയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് ജീവിക്കാനല്ല ദൈവം നമ്മെ ഈ ഭൂമിയിൽ ആക്കിയത്. വ്യക്തിപരമായ നേട്ടങ്ങൾക്കുവേണ്ടിയല്ല, തന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനാണ് അവിടുന്ന് നമ്മെ സൃഷ്ടിച്ചത്. നമ്മുടെ ഹൃദയത്തിന്റെ കേന്ദ്രമാകാനും, ജീവിതത്തിന്റെ അച്ചുതണ്ടാകാനും, അസ്തിത്വത്തിന്റെ കാതലാകാനും, ദൈവം ആഗ്രഹിക്കുന്നു. ഇങ്ങനെ ക്രമപ്പെടുമ്പോഴാണ് ജീവിതം അതിന്റെ ശരിയായ ദിശയിലാകുന്നത്. എന്നാൽ ദൈവം തന്നെയാണോ ജീവിതത്തിന്റെ കേന്ദ്രമെന്ന് എങ്ങനെ തിരിച്ചറിയാം? അതിന് ഒരു ലളിതമായ സൂചനയുണ്ട്: ഹൃദയത്തിലെ അസ്വസ്ഥത ഒരു ലക്ഷണമാണ്. ദൈവം ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്ത് ഇല്ലെന്നുള്ള ഒരു മുന്നറിയിപ്പ്. ദൈവത്തിനു പകരം മറ്റെന്തെങ്കിലും ജീവിതത്തിന്റെ കേന്ദ്രമാകുമ്പോഴാണ് ഉത്കണ്ഠയും ഭയവും നമ്മെ കീഴടക്കുന്നത്. അത് ജോലി ആയിരിക്കാം, കുടുംബമായിരിക്കാം, സമ്പത്തായിരിക്കാം, നേട്ടങ്ങളായിരിക്കാം. ദൈവത്തിനു പകരം മറ്റെന്തിനെങ്കിലും മുൻഗണന നൽകുന്നതിൽ നിന്നാണ് ഉത്കണ്ഠയും അസ്വസ്ഥചിന്തകളും ഉടലെടുക്കുന്നത്. ദൈവഹിതത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ടുള്ള തീരുമാനം നമ്മിൽ അസ്വസ്ഥതയായി അനുഭവപ്പെടുന്നു. ദൈവം ജീവിതത്തിന്റെ കേന്ദ്രമായിരിക്കുമ്പോൾ, സാഹചര്യങ്ങൾ മാറിയാലും എല്ലാം പ്രതികൂലമായാലും സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിശ്ചയമായും ഹൃദയത്തിൽ വാഴും •



## മത്തായിയുടെ സുവിശേഷത്തിലെ ആത്മികമർമ്മങ്ങൾ

ജോയ് എം. തോമസ്

# സ്മരിക്കപ്പെടുന്ന ആത്മികപൈതൃകം

*യേശു ബേഥാന്യയിൽ കുഷ്ഠരോഗിയായിരുന്ന ശീമോന്റെ വീട്ടിൽ ഇരിക്കുമ്പോൾ ഒരു സ്ത്രീ വിലയേറിയ പരിമളതൈലം നിറഞ്ഞ ഒരു വെങ്കൽഭരണി എടുത്തുംകൊണ്ട് അവന്റെ അടുക്കെ വന്നു, അവൻ പന്തിയിൽ ഇരിക്കുമ്പോൾ അത് അവന്റെ തലയിൽ ഒഴിച്ചു. ശിഷ്യന്മാർ അതു കണ്ടിട്ടു മുഷിഞ്ഞു: ഈ വെറും ചെലവ് എന്തിന്? ഇതു വളരെ വിലയ്ക്കു വിറ്റു ദരിദ്രർക്കു കൊടുക്കാമായിരുന്നുവല്ലോ എന്നു പറഞ്ഞു. യേശു അതറിഞ്ഞ് അവരോട്: സ്ത്രീയെ അസഹ്യപ്പെടുത്തുന്നത് എന്ത്? അവൾ എങ്കൽ നല്ല പ്രവൃത്തിയല്ലോ ചെയ്തത്. ദരിദ്രർ നിങ്ങൾക്ക് എല്ലായ്പോഴും അടുക്കെ ഉണ്ട്; ഞാൻ നിങ്ങൾക്ക് എല്ലായ്പോഴും ഇല്ലതാനും. അവൾ ഈ തൈലം എന്റെ ദേഹത്തിന്മേൽ ഒഴിച്ചത് എന്റെ ശവസംസ്കാരത്തിനായി ചെയ്തതാകുന്നു. ലോകത്തിൽ എങ്ങും, ഈ സുവിശേഷം പ്രസംഗിക്കുന്നേടത്തെല്ലാം, അവൾ ചെയ്തതും അവളുടെ ഓർമ്മയ്ക്കായി പ്രസ്താവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു (മത്തായി 26:6-13).*

വളരെ പ്രധാനപ്പെട്ട ഒരു സംഭവമാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വേദഭാഗത്ത് നാം കാണുന്നത്. ഈ സംഭവം നടക്കുന്നത് ബേഥാന്യയിൽ കുഷ്ഠരോഗി ആയിരുന്ന ശീമോന്റെ വീട്ടിൽ വച്ചാണ്. ഒരു സ്ത്രീ വിലയേറിയ പരിമളതൈലം നിറഞ്ഞ ഒരു വെങ്കൽഭരണി എടുത്തുകൊണ്ട് ഭക്ഷണത്തിനായി പന്തിയിൽ ഇരുന്ന യേശുവിന്റെ അടുക്കൽ വന്നു. അത് യേശുവിന്റെ തലയിൽ ഒഴിച്ചു, ഇതാണ് സംഭവം. വലിയ ഒരു പാഠമാണ് ഇതിലടങ്ങിയിട്ടുള്ളത്.

മത്തായി രേഖപ്പെടുത്തിയിരിക്കുന്ന സംഭവം അതുപോലെതന്നെ മർക്കോസും (14:3-9)രേഖപ്പെടുത്തിയിരിക്കുന്നു. ഇതേസംഭവം തന്നെയാണ് യോഹന്നാൻ 12: 1-8 വരെയുള്ള വാക്യങ്ങളിലും കാണുന്നത്. പെസഹായ്ക്ക് 6 ദിവസം മുമ്പ് യേശു ബേഥാന്യയിൽ എത്തി എന്നു യോഹന്നാൻ രേഖപ്പെടുത്തുന്നു. ലാസറിനെ നാലാം നാൾ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ചതിന്റെ വിസ്മയവും സന്തോഷവും നിറഞ്ഞ ഒരു അനുഭവത്തിലാണ് ബേഥാന്യയിലെ ജനങ്ങൾ. പ്രത്യേകാൽ മാർത്തയും മറിയയും ലാസറും. ബേഥാന്യയിലെ ചില പ്രിയപ്പെട്ടവർ ചേർന്ന് കർത്താവിനായി ഒരു വിരുന്ന് ഒരുക്കി. കുഷ്ഠരോഗിയായിരുന്ന ശീമോൻ കർത്താവിന് ആതിഥ്യം നൽകുന്നതിൽ സന്തുഷ്ടനായിരുന്നു. പന്തിയിൽ ഇരിക്കുന്നവരിൽ ഒരുവൻ ആയിരുന്നു ലാസർ. ലാസറിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ ആഘോഷവും കൂടി ആയിരുന്നിരിക്കണം ആ വിരുന്ന്.

ശീമോൻ ഒരിക്കൽ കുഷ്ഠരോഗി ആയിരുന്നു. കർത്താവ് അവനെ സുഖപ്പെടുത്തിയതായിരിക്കണം. ആ സന്തോഷവും നന്ദിയും ആയിരിക്കണം തന്റെ വീട്ടിൽ വിരുന്ന് നടത്തുന്നതിന് ശീമോനെ സന്തോഷവാനാക്കിയത്. ലാസറിനെ കർത്താവ് ഉയിർപ്പിച്ചതിൽ ഏറെ സന്തോഷവതിയായ മാർത്തയാതൊരു പിറുപിറുപ്പും കൂടാതെ ശുശ്രൂഷ ചെയ്യുന്നതായി യോഹന്നാൻ രേഖപ്പെടുത്തുന്നു. ആ സന്തോഷവും നന്ദിയും നിറഞ്ഞുകവിയുന്ന അനുഭവത്തിലാണ് മറിയ വിലയേറിയ തൈലം ഏതാണ്ട് 300 വെള്ളിക്കാശ് വില വരുന്ന (365 ദിവസത്തെ പണിക്കുലി ) പരിമളതൈലം യേശുവിന്റെ തലയിൽ ഒഴിക്കുന്നത്.

യേശുകർത്താവിന്റെ സ്നേഹത്തിന്റെയും കരുതലിന്റെയും സ്പർശനം അനുഭവിച്ചവർക്കാണ് ഉത്സാഹത്തോടും സന്തോഷത്തോടും കൂടെ കർത്താവിനായി ജീവിക്കുവാനും പ്രവർത്തിക്കുവാനും കഴിയുന്നത്. ശീമോനും മാർത്തയും മറിയയും ലാസറും ഒക്കെ അപ്രകാരം അനുഭവങ്ങൾ ഉള്ളവരാണ്. അതായിരിക്കുമല്ലോ യേശുവിനായി അവർ ഒരു വിരുന്ന് ഒരുക്കുവാൻ കാരണം (യോഹന്നാൻ 12:2), (ലൂക്കോസ് 7 36-50 വരെയുള്ള വേദഭാഗത്തു തൈലം പൂശിയതായി പറയുന്നത് പാപിനിയായ സ്ത്രീയാണ്)

യേശുകർത്താവിന്റെ സ്നേഹവും കരുതലും അനുഭവിച്ച നമ്മിൽ ഓരോരുത്തരും, അന്ന് അവർക്ക് കഴിഞ്ഞതുപോലെ ഇന്ന് നമുക്ക് കർത്താവിനായി വിരുന്ന് ഒരുക്കുവാൻ കഴിയുമോ? 'ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്ക് ചെയ്തു' (മത്തായി 25:40) എന്ന് കർത്താവ് പറയുന്നതിൽ നമുക്കുള്ള മറുപടിയുണ്ട്. കർത്താവിന്റെ സാക്ഷികൾ ആകുവാനും പ്രവർത്തിക്കുവാനും ആഗ്രഹിക്കുന്ന ഓരോരുത്തരും സമൂഹത്തിലേക്ക് ഇറങ്ങി കാരുണ്യത്തിന്റെയും കരുതലിന്റെയും കരങ്ങൾ നീട്ടേണ്ടതായിട്ടുണ്ട്.

മത്തായി സുവിശേഷത്തിലെ നമ്മുടെ വേദഭാഗത്ത് പ്രധാനപ്പെട്ട കഥാപാത്രം കർത്താവിന്റെ തലയിൽ പരിമളതൈലം ഒഴിച്ച മറിയ ആണ്. ഈ വേദഭാഗത്തിനും മുകളിൽ (മത്തായി 26: 15) യേശുവിനെ ഉപായത്താൽ പിടിച്ചുകൊല്ലുവാൻ ഗൂഢാലോചനകൾ നടത്തുന്ന മഹാപുരോഹിതനെയും മൂപ്പന്മാരെയും കാണാം. അവർ ആലോചിക്കുന്നതിനു മുമ്പുതന്നെ കർത്താവ് വ്യക്തമായി പറഞ്ഞു: 'രണ്ടു ദിവസം കഴിഞ്ഞിട്ട് പെസഹ ആകുന്നു എന്ന് നിങ്ങൾ അറിയുന്നവല്ലോ, അന്ന് മനുഷ്യപുത്രനെ ക്രൂശിപ്പാൻ ഏൽപ്പിക്കും'. ഒരുവശത്ത് യേശുവിനെതിരെ വെറുപ്പും വിദ്വേഷവും വളർത്തുന്നവർ, മറുവശത്ത് കർത്താവിനോടുള്ള സ്നേഹവും നന്ദിയും നിറഞ്ഞവർ! മറിയയുടെ ഉള്ളിൽ നിറഞ്ഞുകവിഞ്ഞ സ്നേഹവും നന്ദിയും ആണ്, അവൾക്ക് ഉണ്ടായിരുന്നതെല്ലാം ചെലവിട്ട് വിലയേറിയ പരിമളതൈലം വാങ്ങി യേശുവിന്റെ തലയിൽ പകരുവാൻ അവളെ നിർബന്ധിച്ചത്. അവൾ എത്ര ഭാഗ്യവതി!

മത്തായി സുവിശേഷത്തിലും മർക്കോസിലും പരിമളതൈലം യേശുവിന്റെ തലയിൽ ഒഴിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് എങ്കിൽ, യോഹന്നാൻ പന്ത്രണ്ടാം അധ്യായത്തിൽ മറിയ തൈലം യേശുവിന്റെ കാലിൽ പൂശി തലമുടി കൊണ്ടുതുടച്ചു എന്നാണ് കാണുന്നത്. രണ്ടു സുവിശേഷങ്ങളിൽ എഴുത്തുകാർ തലയിൽ ഒഴിച്ചതിന് പ്രാധാന്യം കൊടുത്തപ്പോൾ, യോഹന്നാൻ കാലിൽ തൈലം പൂശി തലമുടി കൊണ്ട് തുടച്ചതിന് പ്രാധാന്യം നൽകി. ശിഷ്യന്മാർ അതുകണ്ടിട്ട് മുഷിഞ്ഞു എന്നു മത്തായി രേഖപ്പെടുത്തുമ്പോൾ, മർക്കോസ് 'അവിടെ ചിലർ' എന്നാണ് പറയുന്നത്. എന്നാൽ യഥാർത്ഥ വിമർശകൻ ആരായിരുന്നു എന്നു യോഹന്നാൻ തുറന്നെഴുതി. കർത്താവിന്റെ 12 ശിഷ്യന്മാരിൽ ഒരുവൻ ആയിരുന്ന ഇസ്കര്യോത്താ യൂദാ, യേശുവിനെ കാണിച്ചുകൊടുക്കുന്നവൻ!

യൂദാ അഴിച്ചുവിട്ട വിമർശനാത്മാവ് മറ്റു ശിഷ്യന്മാരെയും കടന്നുപിടിച്ചു, എത്ര കഷ്ടം! ഒരു കൂട്ടത്തെ വഴിതെറ്റിക്കുവാൻ ഒരാൾ മതിയാകും. ദ്രവ്യാഗ്രഹിയായ യൂദാ എല്ലാം ബിസിനസ് കണ്ണുകൊണ്ടാണ് കണ്ടിരുന്നത്. പണസഞ്ചി അവന്റെ പക്കൽ ആയിരുന്നല്ലോ. അതിൽ നിന്നും അവൻ മോഷ്ടിച്ചിരുന്നതുകൊണ്ട് ഈ തൈലത്തിന്റെ പണം കയ്യിൽ കിട്ടുമായിരുന്നല്ലോ എന്നാണ് അവന്റെ ചിന്ത. തൈലത്തിന്റെ വില അവനു മനസ്സിലായി, 300 വെള്ളിക്കാശ്. 'ഇത് ദരിദ്രർക്ക് കൊടുത്തിരുന്നുവെങ്കിൽ'... യോഹന്നാൻ എഴുതി, ദരിദ്രരെക്കുറിച്ച് വിചാരം ഉണ്ടായതുകൊണ്ടല്ല, അവൻ കള്ളൻ ആകകൊണ്ടും പണസഞ്ചി തന്റെ പക്കൽ ആകയാൽ അതിൽ ഇട്ടത് എടുത്തു വന്ന

തുകൊണ്ടും അത്രേ പറഞ്ഞത്, സ്വന്തം പാപം മറയ്ക്കുവാൻ യൂദാ മറ്റുള്ളവരെ വിമർശിച്ചു. സ്വന്തം നേട്ടത്തിനു ഉപകരിക്കാത്തതായി മറ്റുള്ളവർ ചെയ്യുന്നതെല്ലാം തെറ്റ്. യൂദായ്ക്ക് പ്രയോജനം കിട്ടുന്നതായിരുന്നു എങ്കിൽ അത് ശരി. ഇന്നും ഈ ചിന്താഗതിക്കാർ ഇന്നും ധാരാളം ഇല്ലേ?

ദരിദ്രരെ സഹായിക്കുക എന്നതിന്റെ മറവിലും സുവിശേഷീകരണത്തിന്റെ മറവിലും പണം തട്ടിപ്പുകാർ ഇന്ന് പെരുകുന്നു എന്നത് ഒരു പരമാർത്ഥമാണ്. വിശ്വാസികൾ ജാഗ്രത പുലർത്തണം. എല്ലാവരെയും എല്ലാറ്റിനെയും വിവേചിക്കുവാൻ ദൈവത്തിൽ നിന്നും ജ്ഞാനം പ്രാപിക്കണം. നാം കൊടുക്കുന്ന പണം യോഗ്യമായ കാര്യങ്ങൾക്ക് ശരിയായി ഉപയോഗപ്പെടുത്തുന്നു എന്നു ബോധ്യം വരുത്തണം. ചെയ്യുന്നത് സന്തോഷത്തോടെ ദൈവസ്നേഹത്തിന്റെ നിറവിൽ ചെയ്യുക.

തൈലം പൂശിയ സ്ത്രീയെ തെറ്റിദ്ധരിക്കുകയും കുറ്റം പറയുകയും ചെയ്തപ്പോൾ കർത്താവ് അവളെ സംരക്ഷിച്ചു. ശരിയായിട്ടുള്ളത് പറയുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ നാമും വിമർശനങ്ങളെയും എതിർപ്പുകളെയും നേരിടേണ്ടി വരും. അപ്പോൾ പതറരുത്, നിരാശപ്പെടരുത്. കർത്താവിനായി ചെയ്യുന്നത് ഏകാഗ്രഹൃദയത്തോടെ ചെയ്യുന്നത് തുടരുക. കർത്താവ് നമുക്ക് തുണ നിൽക്കും.

കർത്താവ് പറഞ്ഞു: 'അവൾ ഈ തൈലം എന്റെ ദേഹത്തിന്മേൽ ഒഴിച്ചത് എന്റെ ശവസംസ്കാരത്തിനായി ചെയ്തതാകുന്നു'. എന്നാൽ മറിയ അത് മനസ്സിലാക്കി ചെയ്തതല്ലല്ലോ. മറിച്ച് യേശുവിനോടുള്ള സ്നേഹത്തിലും ബഹുമാനത്തിലും തന്നോടുള്ള ആരാധനാമനോഭാവത്തിലും ചെയ്തതാണ്. പക്ഷേ കർത്താവ് അതിനെ അവൾ പ്രതീക്ഷിച്ചതിലും വലിയ കാര്യമായി സ്വീകരിച്ചു. കർത്താവിനോടുള്ള ആത്മാർത്ഥസ്നേഹവും വിശ്വസ്തതയും നമ്മിൽ ഉണ്ടാകുമ്പോൾ പരിശുദ്ധാത്മാവ് ശരിയായത് ശരിയായ സമയത്ത് ശരിയായ നിലയിൽ ചെയ്യുവാൻ നമ്മെ പ്രാപ്തരാക്കും. മറിയയ്ക്ക് അത് ചെയ്യുവാൻ കഴിഞ്ഞത് ദൈവത്തിന്റെ കൃപയാലായിരുന്നു, പരിശുദ്ധാത്മാവ് നൽകിയ പ്രേരണയാലായിരുന്നു.

കർത്താവിന്റെ ശവശരീരത്തിൽ സുഗന്ധദ്രവ്യങ്ങൾ പൂശുന്നതിന് പല സ്ത്രീകളും ആഗ്രഹിക്കുകയും എല്ലാം ഒരുക്കി കല്ലറയ്ക്കൽ പോവുകയും

**ശരിയായിട്ടുള്ളത് പറയുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ നാമും വിമർശനങ്ങളെയും എതിർപ്പുകളെയും നേരിടേണ്ടി വരും. അപ്പോൾ പതറരുത്, നിരാശപ്പെടരുത്. കർത്താവിനായി ചെയ്യുന്നത് ഏകാഗ്രഹൃദയത്തോടെ ചെയ്യുന്നത് തുടരുക. കർത്താവ് നമുക്ക് തുണ നിൽക്കും.**

ചെയ്തു, എങ്കിലും അവർക്ക് അതിനുള്ള അവസരം ലഭിച്ചില്ല. എന്നാൽ മറിയയ്ക്ക് കർത്താവിന്റെ ക്രൂശീകരണത്തിനുമുമ്പ് ശരീരത്തിൽ ജീവനോടെ ഇരുന്നപ്പോൾ അവസരം ലഭിച്ചു. ഇതിലും ഒരു പാഠം ഇല്ലേ? മരിച്ചതിനു ശേഷം ഒരു വ്യക്തിയെക്കുറിച്ച് നല്ലത് പറയുന്നതും പുഷ്പചക്രങ്ങൾ അർപ്പിക്കുന്നതും ജീവനോടിരിക്കുന്നവർ ബഹുമാനമായി കാണുമെങ്കിലും, മരിച്ച വ്യക്തിക്ക് അത് അനുഭവപ്പെടുമോ? ജീവനോടിരിക്കുമ്പോൾ നാം ചെയ്യുന്ന നല്ല പ്രവൃത്തികൾ അല്ലേ ആ വ്യക്തി വിലമതിക്കുക.

മറിയ ചെയ്തത് എന്നും ശേഷമുള്ള തലമുറകൾ ഓർക്കും, അവൾ നല്ല ഒരു പൈതൃകം മാതൃകയായി കാണിച്ചിരിക്കുന്നു. യേശു പറഞ്ഞു: 'ലോകത്തിൽ എങ്ങും ഈ സുവിശേഷം പ്രസംഗിക്കുന്ന ഇടത്തെല്ലാം അവൾ ചെയ്തതും അവളുടെ ഓർമ്മയ്ക്കായി പ്രസ്താവിക്കും എന്ന് ഞാൻ സത്യമായി നിങ്ങളോട് പറയുന്നു'. അവൾ എത്ര ഭാഗ്യവതി! നാം എല്ലാവരും ഇതുപോലെ മാതൃക കാണിക്കുവാൻ ആഗ്രഹിക്കുന്നവരല്ലേ? എന്താണ് ചെയ്യേണ്ടത്? നമുക്കായി ജീവൻ നൽകിയ ക്രിസ്തുവിന്റെ സ്നേഹത്താൽ നിറഞ്ഞവരായി ത്തീരുക. ആ സ്നേഹത്തിന്റെ നിറവിൽ നിർബന്ധത്താൽ അവിടുത്തെ മഹത്വത്തിനായി ചെയ്യുന്നത് എന്നും നിലനിൽക്കും. അടുത്ത തലമുറകൾ അതിനെ ഓർമ്മിക്കും. ദൈവം അത് എക്കാലവും ഓർക്കും ●

പിന്നെ എന്തുകൊണ്ടാണ് 'അനുസരിക്കാൻ' അനുഗ്രഹത്തിന്റെ 'ഉത്തേജകമരുന്നും' (stimulant) ശാപത്തിന്റെ ഭീഷണവും വേണ്ടിവരുന്നത്? ഉത്തരം ഒന്നേയുള്ളൂ... സ്നേഹം നഷ്ടപ്പെട്ടുപോയി. സാധാരണജീവിതത്തിലും ഇതുതന്നെയാണല്ലോ സംഭവിക്കുന്നത്. രാവിലെ എഴുന്നേറ്റ് പപ്പയ്ക്ക് ഓഫീസിൽ ഇട്ടുകൊണ്ട് പോകേണ്ട ഷർട്ട് തേച്ചുവയ്ക്കുകയും ഷൂ പോളീഷ് ചെയ്തു വയ്ക്കുകയും ചെയ്യുന്ന മകളെ അനുസരിക്കാൻ എന്തിനു പ്രലോഭിപ്പിക്കുകയോ ഭീഷണിപ്പെടുത്തുകയോ വേണം? അവൾ അത് സ്നേഹത്തിൽ ചെയ്യുന്നു. എന്നാൽ അഞ്ചുപ്രാവശ്യം ഷൂ പോളീഷ് ചെയ്യാൻ പറഞ്ഞിട്ടും ഫെയ്സ്ബുക്കിന്റെ വലയിൽനിന്നും പുറത്തിറങ്ങാത്ത കൊച്ചിനോട് 'മോളേ, പപ്പയുടെ ഷൂ ഒന്ന് പോളീഷ്ചെയ്തു തരുമോ? ഞാൻ നിന്റെ മൊബൈലിൽ 50 രൂപയുടെ റീച്ചാർജ് ചെയ്തേക്കാം' എന്നു പറയേണ്ടി വരുന്നു. അഞ്ചിനു പകരം പത്തുപ്രാവശ്യം പറഞ്ഞിട്ടും റീച്ചാർജ് അമ്പതിൽ നിന്ന് നൂറായിട്ടും കൊച്ച് അനുസരിക്കുന്നില്ലെങ്കിൽ പിന്നെ, 'പെട്ടെന്നു ഷൂ പോളീഷ് ചെയ്യെടീ... അല്ലെങ്കിൽ അടിച്ചുനിന്റെ കരണക്കുറ്റി ഞാൻ പൊട്ടിക്കും' എന്നു ഭീഷണിപ്പെടുത്തേണ്ടിവരുന്നു.

യിസ്രായേൽമക്കളെ അനുസരണവും ശാപവും പറഞ്ഞ് അനുസരിപ്പിക്കേണ്ടിവന്നത് അവർ 'ദുശാഠ്യ'മുള്ള ജനം ആയിരുന്നതുകൊണ്ടാണ് (പുറപ്പാട് 33:3). ഇന്നും അനുഗ്രഹപ്പാട്ടും ശാപപ്രസംഗവുമില്ലാതെ പുതിയനിയമവിശ്വാസി അനുസരിക്കുകയില്ലെങ്കിൽ അതിനർഥം നമ്മുടെ കൂട്ടരും ദുശാഠ്യമുള്ള ജനം എന്നാണ്. ശിഷ്യൻ യേശുവിന്റെ കല്പനകളെ അനുസരിക്കുന്നത് അനുഗ്രഹം മോഹിച്ചോ ശാപം പേടിച്ചോ അല്ല. ക്രിസ്തുവിനോടുള്ള സ്നേഹം ഒന്നുകൊണ്ട് മാത്രം! ശിഷ്യന്റെ മനസ്സിൽ ഭൂമിയിലെ അനുഗ്രഹങ്ങൾ ഒരിക്കലും അനുസരിക്കുന്നതിന് ഒരു പ്രചോദനമാവുകയില്ല. കാരണം, അതിനപ്പുറത്ത് 'ഉയരത്തിലുള്ളത്' (കൊലൊസ്യർ 3:1,2) അവൻ കണ്ടുകഴിഞ്ഞു. കാറിനും വീടിനും പണത്തിനും കസേരയ്ക്കും ഒന്നും അവനെ പ്രലോഭിപ്പിക്കാൻ കഴികയില്ല. അതെല്ലാം അവന് 'ചവറു' മാത്രം (ഫിലിപ്യർ 3:11)

ശിഷ്യന്റെ അനുസരണത്തിന് 'ഭൗതിക അനുഗ്രഹം' പ്രചോദനമാവുകയില്ല എന്നതുപോലെ, ദുരിതങ്ങൾ അവനു ഭീഷണിയായും തോന്നുകയില്ല. കഷ്ടതയിൽ നിന്നും രക്ഷനേടാനല്ല ശിഷ്യൻ അനുസരിക്കുന്നത്. കാരണം, തന്നിൽ വെളിപ്പെടുവാനുള്ള തേജസ്സിനെക്കുറിച്ചുള്ള ബോധ്യം ഒരു ശിഷ്യന് 'ഈ കാലത്തെ കഷ്ടങ്ങൾ സാരമില്ല' എന്ന് എണ്ണുവാൻ പ്രേരണയാകുന്നു (റോമർ 8:18). ശിഷ്യന്റെ അനുസരണത്തിന്റെ പ്രചോദനം ഒരേയൊരു കാര്യം മാത്രം- കർത്താവിനോടുള്ള സ്നേഹം. എന്നാൽ, എനിക്കു കർത്താവിനോടുള്ള സ്നേഹം എന്നിൽനിന്ന് സ്വാഭാവികമായി തുടങ്ങിയതുമല്ല. ഞാൻ അങ്ങനെ സ്നേഹസമ്പന്നനൊന്നും ആയിരുന്നില്ല. വാസ്തവത്തിൽ എന്നിൽ സ്നേഹം മരിച്ചുപോയിരുന്നു. എനിക്കു ദൈവത്തെയോ മനുഷ്യനെയോ സ്നേഹിക്കാൻ കഴിഞ്ഞിരുന്നില്ല.

ദൈവം സ്നേഹമുള്ള ദൈവമാണ് എന്നൊക്കെ ഞാൻ കേട്ടിരുന്നു. എന്നാൽ അതിനെല്ലാം ആളുകൾ തെളിവു പറഞ്ഞത് 'ദൈവം നമുക്കു കഴിക്കാൻ തരുന്നു, കുടിക്കാൻ തരുന്നു, കിടക്കാൻ തരുന്നു... പട്ടണത്തിൽ നീ അനുഗ്രഹിക്കപ്പെടും, വയലിൽ നി അനുഗ്രഹിക്കപ്പെടും... കൊട്ടയും തൊട്ടിയും അനുഗ്രഹിക്കപ്പെടും... എന്നൊക്കെയാണ്.

ഞാൻ ചിന്തിച്ചു: ദൈവം എത്രയോ സമ്പന്നൻ... എനിക്കു ചില്ലറ അനുഗ്രഹങ്ങൾ തന്നതുകൊണ്ട് ദൈവത്തിനു വല്ല നഷ്ടവുമുണ്ടായോ... എനിക്കു പണം തന്നതുകൊണ്ട് ദൈവത്തിന്റെ സമ്പന്നതയ്ക്കോ, എനിക്കു സൗഖ്യം തന്നതുകൊണ്ട് ദൈവത്തിന്റെ ജീവനോ കുറവൊന്നുമുണ്ടായിട്ടില്ലല്ലോ... ഇതാണോ ദൈവത്തിന്റെ സ്നേഹത്തിന്റെ തെളിവ്?

എന്നാൽ ദൈവം എന്നെ ക്രൂശിന്റെ കാഴ്ച കാണിച്ചുതന്നു. 'ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു'(റോമർ 5:8). ജീവൻകൊടുക്കുന്ന സ്നേഹം. അവിടെയാണ് ഞാൻ ദൈവത്തിന്റെ സ്നേഹത്തെ അറിയുന്നത്. അപ്പോഴാണ് ഞാൻ യേശുവിനെ സ്നേഹിച്ചുതുടങ്ങിയത്.

കാൽവറിയാണ് എന്നിൽ സ്നേഹം വിതച്ചത്. യേശുവിന്റെ സ്നേഹഭൂമികയിലാണ് എന്റെ സ്നേഹത്തിന്റെ വിത്തുമുളച്ചത്. അതിനാൽ ഭൂമിയിലുള്ള മറ്റൊന്നിനും ക്രിസ്തുവിനോടുള്ള എന്റെ സ്നേഹത്തെ പ്രചോദിപ്പിക്കുവാനോ നശിപ്പിക്കുവാനോ കഴിയുകയില്ല. കാരണം, എന്നോടുള്ള ക്രിസ്തുവിന്റെ സ്നേഹം അവിടുന്ന് പ്രദർശിപ്പിച്ചത് സമ്മാനംകൊണ്ടല്ല; മരണംകൊണ്ടാണ്.

കാൽവറിയുടെ ദർശനം എന്നിൽ സ്നേഹത്തിന്റെ പെരുമഴ പെയ്യിക്കുന്നു. ആ സ്നേഹപ്പെരുമഴയാണ് അവനോടുള്ള അനുസരണമായി ഒഴുകുന്നത്. പഴയനിയമത്തിലെ വിശ്വാസികൾക്ക് ദൈവം അനുസരണത്തിനായി അനുഗ്രഹത്തിന്റെ ഉത്തേജനവും ശാപത്തിന്റെ ഭീഷണവും നൽകിയതിൽ എനിക്ക് അത്ഭുതമില്ല. കാരണം, അവർ കാൽവറിയെ കണ്ടിരുന്നില്ലല്ലോ. പാവങ്ങൾ! അവർക്ക് യുദ്ധത്തിൽ ജയം നൽകിയ ദൈവത്തെയും മരുഭൂമിയിൽ മന്ന നൽകിയ ദൈവത്തെയും പാറയെ പിളർന്ന് വെള്ളം നൽകിയ ദൈവത്തെയും അവർക്ക് അറിയാമായിരുന്നു. എന്നാൽ അവർക്കുവേണ്ടി ജീവൻ നൽകിയ ദൈവത്തിന്റെ ദർശനം ഒരു സാധാരണ യിസ്രായേല്യന് ഉണ്ടായിരുന്നില്ല. അവർ അനുസരണത്തിന്റെ വാഗ്ദാനം കേട്ട് അനുസരിച്ചോട്ടേ... ദുശാഠ്യമുള്ള ജനത്തിന് അനുസരണവും ശാപവും ഒക്കെ കേട്ടാലേ അനുസരിക്കാൻ പറ്റൂ... എനിക്കതുവേണ്ട! കാൽവറിയുടെ ദർശനം എനിക്ക് അനുസരണം തന്ന് എന്നെ ഒരു അനുഗ്രഹമാക്കുന്നു. അങ്ങനെയെങ്കിൽ യേശുവിന്റെ കല്പനകൾ ഭാരമല്ല, ആശ്വാസമാണ്... •

# ഉദാരത ശീലമാക്കുക

പണം ആവശ്യമാണ്, എന്നാൽ അതിനോടുള്ള അതിരുകടന്ന ആസക്തി മനുഷ്യന്റെ ഹൃദയത്തെയും ആത്മീയജീവിതത്തെയും കീഴടക്കുകയും ദൈവത്തിൽ നിന്നകറ്റുകയും ചെയ്യുന്നു, ആത്മീയജീവിതത്തെ ക്ഷയിപ്പിക്കുന്നു. ദൈവവചനത്തോടും പ്രാർത്ഥനയോടും ഉള്ള താൽപര്യം കുറയുകയും ഭൗതികകാര്യങ്ങൾ ജീവിതത്തിന്റെ കേന്ദ്രമാകുകയും ചെയ്യുന്നു. ലഭിച്ചതിൽ തൃപ്തിപ്പെടാതെ ഇനിയും കൂടുതൽ നേടണമെന്ന ആർത്തി വർധിക്കുന്നു. തെറ്റായ തീരുമാനങ്ങളിലേക്ക് നയിക്കുന്നു. പണത്തിനുവേണ്ടി സത്യസന്ധതയും നീതിയും വിട്ടുവീഴ്ച ചെയ്യാനുള്ള പ്രലോഭനം ഉണ്ടാകുന്നു. സ്വത്തിനും പണത്തിനും വേണ്ടിയുള്ള തർക്കങ്ങൾ കുടുംബബന്ധങ്ങളിലും സൗഹൃദങ്ങളിലും വിള്ളൽ സൃഷ്ടിക്കുന്നു. ഉത്കണ്ഠയും ഭയവും വർധിപ്പിക്കുന്നു. സമ്പത്ത് നഷ്ടപ്പെടുമോ എന്ന ഭയം മനസ്സിന്റെ സമാധാനം നഷ്ടപ്പെടുത്തുന്നു. മറ്റുള്ളവരുടെ സമ്പത്തും ജീവിതനിലവാരവും നോക്കി സ്വന്തം ജീവിതത്തെ അളക്കാൻ തുടങ്ങുന്നു. ദൈവത്തെക്കാൾ സമ്പത്തിൽ ആശ്രയം വെക്കുന്നു. അസൂയ വളരുന്നു. യേശു മുന്നറിയിപ്പ് നൽകി: നിങ്ങൾക്ക് ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴികയില്ല (മത്തായി 6:24).

മറ്റാരേക്കാളും മറ്റെന്തിനേക്കാളും ദൈവത്തിനു മുൻഗണന കൊടുക്കുക എന്നതാണ് പരിഹാരം. മുമ്പെ, ദൈവരാജ്യവും നീതിയും അന്വേഷിപ്പിൻ (മത്തായി 6:33). ജീവിതത്തിന്റെ സിംഹാസനത്തിൽ സമ്പത്തല്ല ദൈവമായിരിക്കണം ഉപവിഷ്ടനായിരിക്കേണ്ടത്. ഉള്ളതിൽ സംതൃപ്തിപ്പെടുക. ഉള്ളതുകൊണ്ടു തൃപ്തിയുള്ള ഭക്തി വലിയ ആദായമാകുന്നു (1 തിമോഥെയോസ് 6:6). സംതൃപ്തി ദ്രവ്യാഗ്രഹത്തിനെതിരായ ശക്തമായ പ്രതിരോധമാണ്. നമുക്കുള്ളതെല്ലാം ദൈവത്തിൽനിന്നു ലഭിച്ചതാണെന്ന ബോധം വളർത്തുമ്പോൾ, സമ്പത്ത് സ്വാർത്ഥമായി ശേഖരിക്കുന്നതിനു പകരം ദൈവികകാര്യങ്ങൾക്കും ദുർഭിക്ഷത്തിലിരിക്കുന്നവർക്കും വേണ്ടി ഉപയോഗിക്കാൻ കഴിയും. ഭൗതികസമ്പത്ത് നശ്വരമാണ്, എന്നാൽ ദൈവത്തോടുള്ള ബന്ധവും തനിക്കായി ചെയ്യുന്ന നന്മകളും നിത്യപ്രാധാന്യമുള്ളവയാണ്. അതുകൊണ്ട് ഭൂമിയിലെ നിക്ഷേപത്തേക്കാൾ സ്വർഗ്ഗത്തിലെ നിക്ഷേപത്തിന് പ്രാധാന്യം നൽകണം(മത്തായി 6:19 - 21). ദൈവം നമുക്ക് നൽകുന്ന സമ്പത്ത് നമ്മെ സ്വന്തമാക്കാതിരിക്കണം. അതായത് നാം സമ്പത്തിന്റെ ദാസനായിരിക്കാതെ യജമാനനായിരിക്കണം. •

# ആർട്ടിഫിഷ്യൽ ഇന്റലിജൻസ്: ആശങ്കകളും അവസരങ്ങളും

മനുഷ്യജീവിതത്തിൽ അതിവേഗത്തിൽ മുന്നേറുന്ന ഒന്നാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. AI ഇന്ന് ആരോഗ്യരംഗം മുതൽ വിദ്യാഭ്യാസം വരെയും, വ്യവസായം മുതൽ കൃഷി വരെയും വ്യാപിച്ചുകഴിഞ്ഞു. അതുകൊണ്ടുതന്നെ AIയെ പൂർണ്ണമായി അവഗണിക്കുക എന്നത് പ്രായോഗികമല്ല. എന്നാൽ അതിന്റെ സാധ്യതകളെ സ്വീകരിക്കുന്നതോടൊപ്പം അതുയർത്തുന്ന അപകടങ്ങളെ തിരിച്ചറിയുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടതുണ്ട്.

Artificial Intelligence എന്ന പദം ആദ്യമായി ഉപയോഗിച്ചത് 1956 ലെ ഡാർട്ട്മത്ത് സമ്മർ റിസർച്ച് പ്രോജക്ടിലാണ്. ഗണിതശാസ്ത്രജ്ഞനായ ജോൺ മക്കാർത്തിയാണ് ഈ പേരിന് രൂപം നൽകിയത്. മനുഷ്യബുദ്ധിയുടെ ചില സവിശേഷതകൾ യന്ത്രങ്ങൾക്ക് അനുകരിക്കാനാകുമോ എന്നതായിരുന്നു അന്നത്തെ ഗവേഷണത്തിന്റെ പ്രധാന ചോദ്യം. എന്നാൽ ഇന്നത്തെ AI, അന്നത്തെ സങ്കൽപ്പങ്ങളിൽ നിന്ന് ഏറെ മുന്നോട്ടുപോയിരിക്കുന്നു. പ്രത്യേകിച്ച് മെഷീൻ ലേണിംഗ്, വലിയ ഭാഷാമാതൃകകൾ, ജനറേറ്റീവ് AI എന്നിവയുടെ വളർച്ചയോടെ മനുഷ്യഭാഷ മനസ്സിലാക്കുകയും എഴുതുകയും, ചിത്രങ്ങളും ശബ്ദങ്ങളും സൃഷ്ടിക്കുകയും, കമ്പ്യൂട്ടർകോഡ് തയ്യാറാക്കുകയും ചെയ്യുന്ന സംവിധാനങ്ങൾ സാധാരണ ഉപയോഗമായി മാറി.

AIയുടെ ഏറ്റവും വലിയ സാധ്യത മനുഷ്യന്റെ കഴിവുകളെ ഇല്ലാതാക്കുന്നതിലല്ല, അവയെ കൂടുതൽ ഫലപ്രദമാക്കുന്നതിലായിരിക്കണം. രോഗനിർണയം, മെഡിക്കൽ റിപ്പോർട്ടുകളുടെ വിശകലനം, ഗവേഷണം, രോഗികളുടെ വിവരശേഖരണം തുടങ്ങിയ മേഖലകളിൽ AI സഹായകരമാകുന്നു. കൃഷിയിൽ കാലാവസ്ഥാ വിവരങ്ങൾ, വിളകളുടെ അവസ്ഥ, മണ്ണിന്റെ വിവരങ്ങൾ, കീടബാധ എന്നിവ വിശകലനം ചെയ്യുന്നതിനും കൃത്യമായ കൃഷിരീതികൾ വികസിപ്പിക്കുന്നതിനും AI ഉപയോഗിക്കാനുള്ള സാധ്യത വർധിച്ചുവരുന്നു. ഇന്ത്യയുടെ ദേശീയ AI നയരേഖ, ആരോഗ്യപരിചരണത്തിന്റെ ലഭ്യത, കർഷകർക്കായുള്ള ഉപദേശം, വിദ്യാഭ്യാസം, നഗരവികസനം തുടങ്ങിയ മേഖലകളിൽ AIയുടെ സാധ്യതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇന്ത്യയും AI വികസനത്തെ ഗൗരവമായി സമീപിക്കുന്നു. അതുകൊണ്ട് AI ഒരു സ്വകാര്യ സാങ്കേതിക പരീക്ഷണം മാത്രമല്ല; രാജ്യങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ ഭാവിയുമായി ബന്ധപ്പെട്ട വിഷയമായി മാറിയിരിക്കുന്നു.

AI സംബന്ധിച്ച ഏറ്റവും വലിയ ആശങ്കകളിലൊന്ന് തൊഴിൽമേഖലയിലാണ്. ആവർത്തനസ്വഭാവമുള്ളതും വ്യക്തമായ നിയമങ്ങൾക്കനുസരിച്ച് ചെയ്യാവുന്നതുമായ പല ജോലികളും AIക്കും കൈമാറാൻ കഴിയും. അതിനാൽ ചില തൊഴിലുകളിൽ മനുഷ്യരുടെ ആവശ്യം കുറയാൻ സാധ്യതയുണ്ട്. പ്രത്യേകിച്ച് ഡാറ്റാ എൻട്രി, ചില അടിസ്ഥാന ഓഫീസ് ജോലികൾ, പതിവ് ഉപഭോക്തൃസേവനം, തുടങ്ങിയ മേഖലകളിൽ മാറ്റം ഇതിനകം തന്നെ അനുഭവപ്പെടുന്നു. എന്നാൽ AI മനുഷ്യരുടെ എല്ലാ ജോലികളും ഇല്ലാതാക്കും എന്ന നിഗമനം നിലവിലെ തെളിവുകൾ പിന്തുണയ്ക്കുന്നില്ല. തൊഴിൽവിപണിയിൽ വലിയ മാറ്റം പ്രതീക്ഷിക്കുന്നുണ്ടെങ്കിലും, അതിനെ മുഴുവനായും തൊഴിൽനാശം എന്നു വിശേഷിപ്പിക്കാൻ കഴിയില്ല.

അതേസമയം, ഈ മാറ്റം എല്ലാവർക്കും ഒരേ രീതിയിൽ അനുഭവപ്പെടുകയില്ല. പുതിയ കഴിവുകൾ വേഗത്തിൽ സ്വന്തമാക്കാൻ കഴിയുന്നവർക്ക് പുതിയ അവസരങ്ങൾ ലഭിക്കുമ്പോൾ, പഴയ ജോലികൾ നഷ്ടപ്പെടുന്ന ചിലർക്ക് പുതിയ മേഖലകളിലേക്ക് മാറുന്നത് പ്രയാസകരമായേക്കാം. അതിനാൽ AIയുടെ കാലത്ത് ഏറ്റവും പ്രധാനപ്പെട്ട ചോദ്യങ്ങളിലൊന്ന് എത്ര ജോലികൾ ഇല്ലാതാകും എന്നതിലുപരി മാറുന്ന തൊഴിൽലോകത്തിനായി മനുഷ്യരെ എങ്ങനെ തയ്യാറാക്കും എന്നതാണ്.

# ക്ഷമയുടെ അർത്ഥതലങ്ങൾ

ക്രിസ്ത്യാനിത്വത്തിന്റെ മുഖമുദ്ര യഥാർത്ഥത്തിൽ സ്നേഹവും മനസ്സലിവും ക്ഷമയുമാണ്. ബൈബിൾ വചനങ്ങൾ മന:പ്പാഠമാക്കുമ്പോഴോ, അടിസ്ഥാന ഉപദേശങ്ങൾ വ്യാഖ്യാനിച്ച് പ്രസംഗിക്കുമ്പോഴോ അല്ല സമൂഹം ക്രിസ്തുവിനെ തൊട്ടറിയുന്നത്. ക്രിസ്തു സ്നേഹിച്ചതുപോലെ നാം ശത്രുക്കളെ സ്നേഹിക്കുമ്പോഴും കർത്താവ് ക്ഷമിച്ചതുപോലെ നാം മറ്റുള്ളവരോട് ക്ഷമിക്കുമ്പോഴും ആണ് ലോകം യേശുവിനെ അനുഭവിച്ചറിയുന്നത്. അപ്പൊസ്തലിക ഉപദേശം ഇങ്ങനെയാണല്ലോ: 'അതുകൊണ്ട് ദൈവത്തിന്റെ വ്രതന്മാരും വിശുദ്ധന്മാരും പ്രിയരുമായി മനസ്സലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ട് അന്യോന്യം പൊറുക്കുകയും ഒരുവനോട് ഒരുവനു വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കുകയും ചെയ്യുവീൻ. കർത്താവ് നിങ്ങളോട് ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്യുവീൻ' (കൊലോസ്യർ 3 :12-14).

ശിഷ്യരെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചുകൊണ്ട് യേശു അരുളിച്ചെയ്യുന്നത് ഇപ്രകാരം: 'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ' ഈ വാക്യത്തിൽ പ്രാർത്ഥനയുടെയും ഒപ്പം ക്ഷമയുടെയും ആഴമാണ് കർത്താവ് വെളിപ്പെടുത്തിയത്. മറ്റുള്ളവരോട് ക്ഷമിക്കാത്ത കർതൃപ്രാർത്ഥനയും ഇതര അപേക്ഷകളും വെറും മന:പ്പാഠമാക്കിയ മാനുഷകൽപ്പന മാത്രം! ക്ഷമയും സ്നേഹവും പരസ്പരപൂരകങ്ങളാണ്. പൗലോസ് സ്നേഹത്തിന്റെ അധ്യായത്തിൽ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു: 'സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല, സ്നേഹം നിഗളിക്കുന്നില്ല,' എല്ലാം പൊറുക്കുന്നതും ക്ഷമിക്കുന്നതും ആണ് യഥാർത്ഥ സ്നേഹം.

ഉവ്വ്, കുടുംബജീവിതത്തിലും ആത്മീയജീവിതത്തിലുമെല്ലാം പരസ്പരം ക്ഷമിക്കാൻ കഴിയുന്നത് ദിനംതോറും നമുക്ക് ചൈതന്യം പകരും. ക്ഷമയുടെ മറ്റൊരു തലമാണ് കാത്തിരിപ്പ്. അത് നമ്മുടെ അരുമനാഥനോടും അവിടുത്തെ വാഗ്ദാനങ്ങളോടുമുള്ള അചഞ്ചലമായ വിശ്വാസമാണ്. യാക്കോബ് അപ്പൊസ്തലൻ കൃഷിക്കാരന്റെ മുന്മഴയ്ക്കായും പിന്മഴയ്ക്കായും ഉള്ള കാത്തിരിപ്പിനെ ഓർമ്മിപ്പിച്ചു കൊണ്ട് ഇങ്ങനെ പറയുന്നു: 'നിങ്ങളും ദീർഘക്ഷമയോടെ ഇരിക്കുവിൻ, നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ, കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു'.

-എംസി

RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib
Scan and Pay using any UPI App

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 350 രൂപ

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി
നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

NERVEEDHI OCTOBER 2026
RNI No. KERMAL/2012/46138 . Date of Publishing 10.10.2026 . Annual Subscription Rs.350/-

## ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ

### പാതയ്ക്കു പ്രകാശം

വേദപുസ്തകത്താളുകളിൽ കുറിക്കപ്പെട്ടിട്ടുള്ള പലരും ജീവിതകാലത്ത് വേണ്ടവിധം അംഗീകാരം ലഭിച്ചവരോ അർഹമായവിധം പ്രശംസിക്കപ്പെട്ടവരോ ആയിരുന്നില്ല. എന്നാൽ,"മരിച്ചശേഷവും അവർ വിശ്വാസത്താൽ സംസാരിച്ചു കൊണ്ടിരിക്കുന്നു" (എബ്രായർ11:4). അവരാരും തന്നെ മനുഷ്യരാലുള്ള മാനം ലക്ഷ്യമാക്കി പ്രവർത്തിച്ചവരുമല്ല. ഉള്ളിൽ ജ്വലിച്ച വിശ്വാസത്തിന്റെ വെളിച്ചത്തിൽ നടന്നവരും ഭാവികാലമോർത്ത് ആനന്ദിച്ചവരുമാണവർ.....

(Late) കെ.വി. രാജു, നേർവീഥി മുൻ എഡിറ്റർ




ഇപ്പോൾ ലഭ്യമാണ്




കഷ്ടതകളില്ലാത്ത ജീവിതമല്ല ജയജീവിതം, മറിച്ച് കഷ്ടങ്ങളെ ജയിക്കുന്ന ജീവിതമായിരിക്കും! ജനിച്ചിട്ടൊരിക്കലും ബുദ്ധിമുട്ടറിഞ്ഞിട്ടില്ലാത്ത ഒരുവന്റെ മുഖത്തെ പ്രസന്നതയെക്കാൾ എത്രയോ മടങ്ങായിരിക്കും പ്രതിസന്ധികളെ അതിജീവിച്ച് വിജയിച്ചുവരുന്നവന്റെ മുഖത്തെ തേജസ്സ്. ലോകത്തിൽ നിങ്ങൾക്ക് കഷ്ടമുണ്ടെങ്കിലും ധൈര്യപ്പെടുവിൻ എന്ന് കഷ്ടങ്ങളെ ജയിച്ച കർത്താവ് നമ്മോടാവശ്യപ്പെടുന്നു. ഒരു ജയജീവിതത്തിനായി നമ്മെ ഒരുക്കുവാൻ ദൈവവചനത്തിലെ പഠിപ്പിക്കലുകൾ ദൈവാശ്രയത്തോടും തികഞ്ഞ വൈദഗ്ദ്ധ്യത്തോടും വസ്തുനിഷ്ഠമായി രേഖപ്പെടുത്തിയിരിക്കുന്ന ഒരു ഉത്തമ പഠനഗ്രന്ഥമാണ്

SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib
Scan and Pay using any UPI App

ഇപ്പോൾ ലഭ്യമാണ്

Address for Communication :
NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Ph: 9495435336
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.